യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 11 നവംബർ 2017 വില 15 രൂപ



JEEVAMOZHIKAL

**ജീവമൊഴികൾ**

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 15 നവംബർ 2017 ലക്കം 11

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481-2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്:**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# ക്രിസ്തുവിന് ഒന്നാം സ്ഥാനം




സുവിശേഷത്തിൽ കാണുന്ന പ്രകാരം ക്രിസ്തുവിനെ തങ്ങളുടെ സകല കാര്യങ്ങളിലും ഒന്നാമതായി അംഗീകരിക്കുന്നില്ല എന്നതാണ് ഒട്ടനവധി വ്യക്തികളും വിശുദ്ധരാകാത്തതിന്റെ കാരണം. തങ്ങൾ വിശുദ്ധരാകുവാൻ ശ്രമിക്കുന്ന രീതിയിൽ അടിസ്ഥാനപരമായ ഒരു വീഴ്ചയുണ്ടെന്ന് അവർ കാണുന്നില്ല. ആ കാര്യം അംഗീകരിച്ച് യേശുവിന് ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുത്താൽ മാത്രമേ അവർക്ക് ആത്മീയ ജീവിതത്തിൽ മുമ്പോട്ടു പോകുവാൻ സാധിക്കുകയുള്ളൂ.

**-ചാൾസ് ഫിന്നി**

## രണ്ടു പാതകൾ

A **Joyful 'toon** by Mike Waters




*നാശത്തിലേക്കു പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും... ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത്. (മത്തായി 7:13-14)*

എഡിറ്റോറിയൽ

# ജീവന്റെ ആത്മാവിന്റെ പ്രമാണം



**വാ**ച്ച്മാൻ നീ ചൈനയിലെ രണ്ടു ക്രിസ്തീയ സഹോദരന്മാരുടെ അനുഭവം ഇങ്ങനെ വിവിരിച്ചിട്ടുണ്ട്. ഈ രണ്ടു സഹോദരന്മാരും കർഷകരായിരുന്നു. നെൽപ്പാടം കൃഷിചെയ്ത് ഉപജീവനം കഴിച്ചുവന്ന അവരുടെ വയൽ ഒരു മലയുടെ ചെരുവിലാണ്. വേനൽക്കാലം. അവർ പകൽ വെള്ളം കോരി തങ്ങളുടെ പാടം നനച്ചശേഷം രാത്രി വിശ്രമിപ്പാൻ പോയി. പിറ്റേന്നു രാവിലെ വന്നപ്പോൾ അവർ കണ്ട കാഴ്ച! താഴത്തെ പാടം കൃഷിചെയ്യുന്നവർ, ഇവർപോയിക്കഴിഞ്ഞപ്പോൾ വരമ്പിൽ മട വീഴ്ത്തി വെള്ളം മുഴുവൻ തങ്ങളുടെ വയലിലേക്ക് ഒഴുക്കിക്കൊണ്ടുപോയിരിക്കുന്നു! ചുരുക്കത്തിൽ മുകളിലത്തെ അവരുടെ വയൽ തുള്ളിവെള്ളമില്ലാതെ ഉണങ്ങിക്കിടക്കുന്നു. താഴത്തെ പാടം നിറയെ വെള്ളം. അവിടെ നെൽച്ചെടികൾ മന്ദമാരുതനിൽ തലയാട്ടി പച്ചയോടെ നില്ക്കുന്നു!

എന്താ ചെയ്ക? തങ്ങൾ ക്രിസ്ത്യാനികളല്ലേ? ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പാനും ദോഷം സഹിപ്പാനുമാണല്ലോ തങ്ങളോടു കല്പിച്ചിരിക്കുന്നത്. ക്രിസ്തീയ സഹോദരന്മാർ ഒന്നും മിണ്ടിയില്ല. ആരോടും പരാതി പറഞ്ഞതുമില്ല. അവർ വരമ്പു ശരിയാക്കിയിട്ട് വീണ്ടും തങ്ങളുടെ പാടത്തു വെള്ളം നിറയ്ക്കാൻ തുടങ്ങി. സന്ധ്യയായപ്പോൾ അവർ വീട്ടിലേക്കു മടങ്ങി. എന്നാൽ അന്നു രാത്രിയും താഴത്തെ പാടത്തെ കർഷകർ പഴയതുപോലെ ചെയ്തു. അന്നും അവർ പ്രതികരിച്ചില്ല. ചുരുക്കത്തിൽ പകലത്തെ വെള്ളം കോരലും രാത്രിയിലെ ജലമോഷണവും തുടർച്ചയായി ഏഴുദിവസം നടന്നു.

പക്ഷേ, ഈ ക്രിസ്തീയ സഹോദരന്മാരുടെ പ്രശ്നം, ഈ അന്യായമെല്ലാം പരാതി കൂടാതെ തങ്ങൾ സഹിച്ചിട്ടും തങ്ങളുടെ ഹൃദയത്തിൽ ഒരു സന്തോഷമില്ലല്ലോ എന്നതായിരുന്നു. 'സമ്പത്തുകളുടെ അപഹാരം സന്തോഷത്തോടെ'യല്ലേ സഹിക്കേണ്ടത്? (എബ്രായർ 10:34). പരാതി കൂടാതെ ഈ തിന്മ മുഴുവൻ സഹിച്ചിട്ടും എന്തുകൊണ്ട് ഹൃദയത്തിൽ സന്തോഷത്തിനും സമാധാനത്തിനും ജീവന്റെ തുടിപ്പിനും പകരം ആന്തരികമായി ഒരു ഞെരുക്കം അനുഭവപ്പെടുന്നു?. അവർ ഇക്കാര്യം തങ്ങളുടെ സഭയിലെ ഒരു മുതിർന്ന സഹോദരനോട് (അത് വാച്ച്മാൻ നീ തന്നെയാകാം) പങ്കുവച്ചു. അദ്ദേഹം എല്ലാം കേട്ടു കഴിഞ്ഞ് ഇങ്ങനെ പറഞ്ഞു:"യേശുവിന്റെ ജീവന്റെ നിറവോട് അടുത്തുവരാത്തതാണു സന്തോഷമില്ലാത്തതിനു കാരണം. നിങ്ങൾ ഒരു കാര്യം ചെയ്യൂ. നിങ്ങളുടെ വെള്ളം ചോർത്തുന്ന ആളുകളുടെ വയൽ ആദ്യം നനയ്ക്കൂ. പിന്നീട് നിങ്ങളുടെ വയലുകൾ നനച്ചാൽ മതി."

ഇതുകേട്ടു മടങ്ങിയ സഹോദരന്മാർ പിറ്റേന്നു നേരത്തെ എഴുന്നേറ്റു. അവർ ആദ്യം തങ്ങളെ ദ്രോഹിച്ച ആളുകളുടെ വയലുകൾ വെള്ളം

കോരി നിറയ്ക്കാൻ തുടങ്ങി. അത്ഭുതമെന്നു പറയട്ടെ. അവർ താഴത്തെ വയലുകൾ നനയ്ക്കാൻ തുടങ്ങിയപ്പോൾ അവരുടെ ഹൃദയത്തിലും അതുവരെയില്ലാത്ത ഒരു സന്തോഷം നിറഞ്ഞുവന്നു. അവർ തികഞ്ഞ സന്തോഷത്തോടെ താഴത്തെ പാടങ്ങൾ വെള്ളംകൊണ്ടുനിറച്ചു; തുടർന്നു തങ്ങളുടെ മുകളിലത്തെ വയലുകളും. ഇങ്ങനെ രണ്ടുദിവസം ചെയ്തു കഴിഞ്ഞപ്പോൾ ഒരു ദിവസം രാവിലെ അവർ വെള്ളം കോരാൻ വന്നപ്പോൾ താഴത്തെ പാടത്തിന്റെ ഉടമസ്ഥൻ ഇവരെ കാത്തുനില്ക്കുകയാണ്. "ഇതാണ് ക്രിസ്തീയതയെങ്കിൽ ഞങ്ങൾക്ക് ഇതേപ്പറ്റി കൂടുതൽ അറിയാൻ താല്പര്യമുണ്ട്"-അവർ പറഞ്ഞു. കണ്ടോ, യേശുവിന്റെ ദിവ്യജീവന്റെ പങ്കാളിത്തം വരുത്തിയ വ്യത്യാസം!.

യേശുവിന്റെ കാലത്ത് യെഹൂദ്യനാട് ഭരിച്ചിരുന്നത് റോമാക്കാരാണ്. ഒരു റോമൻ പടയാളി തന്റെ കയ്യിൽ ചില സാധനങ്ങളുമായി നടന്നുപോകുമ്പോൾ ഒരു യെഹൂദനെ വഴിയിൽ കണ്ടു എന്നിരിക്കട്ടെ, ഉടനെ റോമാക്കാരൻ തന്റെ കയ്യിലെ ഭാരം അവനെ ഏല്പിച്ച് അതു എടുത്തുകൊണ്ടു തന്റെ പിന്നാലെ വന്നു തനിക്കു പോകേണ്ട സ്ഥലം വരെ അത് എത്തിച്ചു തരുവാൻ ആവശ്യപ്പെടുമായിരുന്നു. തന്റെ വംശീയ മഹിമയെക്കുറിച്ചു വലിയ മതിപ്പുള്ള യെഹൂദന് ഇത് ഒട്ടും സന്തോഷകരമായകാര്യമായിരുന്നില്ല. എന്നാൽ റോമൻ പടയാളിയെ അനുസരിക്കാതിരിക്കാനും കഴിയുമായിരുന്നില്ല. അതുകൊണ്ട് 'വീർത്ത മുഖത്തോടും വിഷാദത്തോടും' വല്ല വിധത്തിലും പടയാളിയുടെ ചുമട് അവൻ പറയുന്നിടത്തുകൊണ്ടുവന്ന് എത്തിച്ചിട്ടു വേഗത്തിൽ സ്ഥലം വിടുകയായിരുന്നു യെഹൂദന്മാരുടെ പതിവ്. ഈ പശ്ചാത്തലം അറിയാവുന്നതുകൊണ്ട് യേശു ഗിരിപ്രഭാഷണത്തിൽ പറഞ്ഞു: 'ഒരുവൻ നിന്നെ ഒരു നാഴിക ദൂരം വരാൻ നിർബന്ധിച്ചാൽ രണ്ടു നാഴിക അവനോടുകൂടെ പോകുക.'

ഇത് എന്തിനാണ്? ഒരു നാഴിക വരാൻ ആവശ്യപ്പെട്ടാൽ അതു ചെയ്താൽ പോരെ? ഒരു നാഴിക ചെല്ലുമ്പോൾ തന്നെ ന്യായമായതും ശരിയായതും ചെയ്തു കഴിഞ്ഞല്ലോ-ഇതാണു നല്ല പങ്കു വിശ്വാസികളുടെയും ചിന്ത. എന്നാൽ കേവലം തെറ്റിന്റെയും ശരിയുടേയും നന്മയുടെയും തിന്മയുടെയും അടിസ്ഥാനത്തിൽ ജീവിച്ചാൽ ദിവ്യജീവനു തൃപ്തിയാവുകയില്ല. ആ 'അധിക നാഴിക' ദൂരം നടക്കുന്നിടത്താണു യഥാർത്ഥ ക്രിസ്തീയതയുടെ സന്തോഷവും സമാധാനവും കിടക്കുന്നത്. ആ അധികദൂരം നടന്നപ്പോഴാണു ചൈനക്കാരായ ആ ക്രിസ്ത്യാനികളുടെ ഹൃദയം യേശുവിന്റെ ജീവന്റെ തുടിപ്പ് അറിഞ്ഞത്.

ഇവിടെ നാം കണ്ടത് നമ്മുടെ മുൻപിൽ രണ്ടു വഴികൾ ഉണ്ടെന്നാണ്. ഒന്ന്: ശരി-തെറ്റിന്റെ വഴി. രണ്ട്: ജീവന്റെ മാർഗ്ഗം. ഏദൻ തോട്ടത്തിന്റെ മദ്ധ്യത്തിലും രണ്ടു വൃക്ഷങ്ങളാണുണ്ടായിരുന്നത്. ഒന്ന്: നന്മതിന്മകളുടെ അറിവിന്റെ വൃക്ഷം. രണ്ട് : ജീവന്റെ വൃക്ഷം. ഈ രണ്ടു വൃക്ഷങ്ങളും നമുക്കു സ്വീകരിക്കാവുന്ന രണ്ടു പെരുമാറ്റ രീതികളെ പ്രതി

*(ശേഷം പേജ് 39 ൽ)*

**സന്ദേശം**

# ജീവന്റെ പ്രമാണവും നന്മ തിന്മകളുടെ പ്രമാണവും

**വാച്ച്മാൻ നീ**

"**അ**നന്തരം യഹോവയായ ദൈവം കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു." (ഉല്പത്തി 2:8,9)

ജീവവൃക്ഷവും, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും-മനുഷ്യൻ പിന്തുടരുന്ന രണ്ടുവ്യ



*'അതിന്റെ കാരണം ഇവിടെയാണു കിടക്കുന്നത്.' നെഞ്ചിൽ തൊട്ടുകൊണ്ട് അദ്ദേഹം മറുപടി പറഞ്ഞു.*

**അവർ ഓരോ സാഹചര്യത്തേയും, ഓരോ പെരുമാറ്റത്തേയും കർശനമായി കൂട്ടിക്കിഴിച്ച് നോക്കുന്നു. എന്നിട്ട് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗ്ഗം പിന്തുടരുന്നു. ക്രിസ്തീയത്വത്തിനു സഹായകരമായ പാതയിലൂടെ പോകാനുള്ള താൽപര്യംകൊണ്ടാണ് തങ്ങൾക്ക് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗ്ഗം മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുന്നത്. എന്നാൽ ദൈവവചനം പറയുന്നതോ? 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും' എന്നാണ്**

ത്യസ്ത മാർഗ്ഗങ്ങളാണ് ഈ വൃക്ഷങ്ങളിലൂടെ ദൈവം നമുക്കു കാണിച്ചുതരുന്നത്. ചിലരുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്ന പ്രമാണം നന്മതിന്മകളെക്കുറിച്ചുള്ള അറിവാണ്. മറ്റു ചിലരാകട്ടെ ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്നു. ദൈവമക്കൾ ഈ രണ്ടു നിയമങ്ങളാൽ ഭരിക്കപ്പെടുന്നവരാകയാൽ ഇതേപ്പറ്റി വിശദമായി നമുക്കു ചിന്തിക്കാം:

എന്താണ് നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ പ്രമാണം?

നാം നന്മതിന്മകളുടെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുന്നവരാണെങ്കിൽ ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ ആദ്യം ചിന്തിക്കും: ഇതു ശരിയാണോ അതോ തെറ്റാണോ? ഇതു നന്മയായി തീരുമോ അതോ തിന്മയാകുമോ? എന്തുചെയ്യുന്നതിനു മുമ്പും ഈ ചോദ്യത്തിനു മുമ്പാകെ അധൈര്യപ്പെട്ടു നിൽക്കുകയും അതിന്റെ നന്മതിന്മകളെക്കുറിച്ചു വിചാരങ്ങൾ മനസ്സിലിട്ടു മഥിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ ഒട്ടേറെയാണ്. ശരിയായ കാര്യം മാത്രം ചെയ്യാൻ താൽപര്യമുള്ളവരാണവർ. എല്ലാ തിന്മയും ഒഴിവാക്കാനവർ ആഗ്രഹിക്കുന്നു. ക്രിസ്തീയമെന്നു തങ്ങൾ കരുതിയിരിക്കുന്ന കാര്യങ്ങളോടു ചേർന്നുപോകുന്ന ജീവിതം നയിക്കാനാണവർക്കു താൽപര്യം. അതുകൊണ്ട് അവർ ഓരോ സാഹചര്യത്തേയും, ഓരോ പെരുമാറ്റത്തേയും കർശനമായി കൂട്ടിക്കിഴിച്ച് നോക്കുന്നു. എന്നിട്ട് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗ്ഗം പിന്തുടരുന്നു. ക്രിസ്തീയത്വത്തിനു സഹായകരമായ പാതയിലൂടെ പോകാനുള്ള താൽപര്യംകൊണ്ടാണ് തെറ്റും ശരിയും തൂക്കിനോക്കുകയും തങ്ങൾക്ക് ഏറ്റവും ശരിയായതെന്നു തോന്നുന്ന മാർഗ്ഗം മാത്രം തെരഞ്ഞെടുക്കുകയും ചെയ്യുന്നത്.

എന്നാൽ ദൈവവചനം പറയുന്നതോ? 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും' എന്നാണ് (ഉല്പത്തി 2:17). തിന്മയെ എല്ലാം നിരാകരിക്കുകയും ശരിമാത്രം തെരഞ്ഞെടുക്കുകയും ചെയ്യുക എന്ന മാനദണ്ഡം പാലിച്ചു പ്രവർത്തിക്കുന്നതു ക്രിസ്തീയതയല്ല അതു നിയമത്തിനു കീഴ്പെട്ടുള്ള ജീവിതമാണ്. പഴയ ഉടമ്പടി പ്രകാരമുള്ള ജീവിതം. പുതിയ ഉടമ്പടിയുടെ ജീവിതം അല്ലത്. മതപരവും ധാർമ്മികവുമായ ഒരു പ്രമാണം ആണത്. ക്രിസ്തീയ മാനദണ്ഡത്തിൽ നിന്ന് അത് എത്രയോ താഴെയാണ്.

**ക്രിസ്തീയത ജീവനിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു**

എന്താണ് ക്രിസ്തീയത? ജീവനുമായി ബന്ധപ്പെട്ട കാര്യമാണത്. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ പുതുജീവന്റെ ഉടമയാണ്. അപ്പോൾ ഏതു രീതിയിൽ പ്രവർത്തിക്കണമെന്നു തീരുമാനിക്കേണ്ടിവരുമ്പോൾ അതു ശരിയോ തെറ്റോ എന്നതായിരിക്കരുത് നിങ്ങളുടെ മുഖ്യചിന്താവിഷയം. മറിച്ച് നിങ്ങളിലുള്ള പുതിയ ജീവനെ ഇതെങ്ങനെ ബാധിക്കും എന്നതായിരിക്കണം ശ്രദ്ധിക്കേണ്ടത്. ദൈവം നമുക്ക് ഒരു പുതുജനനമാണ് നൽകിയത്. അല്ലാതെ പാലിക്കേണ്ട ഒട്ടേറെ ചട്ടങ്ങളും പ്രമാണങ്ങളുമല്ല. എന്നിട്ടും പുറംലോകത്തിന്റെ നീതിബോധങ്ങളോടും മാനദ്ഡങ്ങളോടും ഒപ്പം നിൽക്കാൻ ഒട്ടേറെ ക്രിസ്ത്യാനികളും പണിപ്പെടുന്നു എന്നത് അമ്പരപ്പിക്കുന്ന കാര്യമല്ലേ? ദൈവം നമ്മെ ഒരു പുതിയ സീനായ് മലയുടെ താഴ്വരയിലേക്കു കൊണ്ടുവന്ന് 'അതുചെയ്യരുത്' 'ഇതു ചെയ്യണം' എന്നിങ്ങനെ പുതിയ ഒരു പിടി കല്പനകൾ തരികയല്ല ചെയ്തത്. ഒരു കാര്യംചെയ്യാൻ തുടങ്ങുമ്പോൾ അതിന്റെ തെറ്റും ശരിയും കൂട്ടിക്കിഴിക്കുകയല്ല, ദിവ്യജീവന്റെ അതിനോടുള്ള പ്രതികരണം നാം ശ്രദ്ധിക്കുകയാണു വേണ്ടത്. എന്നിട്ടു മുന്നോട്ടു പോകണം. ക്രിസ്ത്യാനിയെന്ന നിലയിൽ ക്രിസ്തുവിന്റെ ജീവനാണു നിങ്ങളിൽ വസിക്കുന്നത്. ആ ജീവന്റെ പ്രതികരണമാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. ഏതെങ്കിലും ഒരു കാര്യം ചെയ്യുന്നത് സംബന്ധിച്ച് ആലോചിക്കുമ്പോൾ അതിന് അനുകൂലമായി ഉള്ളിൽ ജീവന്റെ കുതിപ്പ് അനുഭവപ്പെടുന്നുണ്ടെങ്കിൽ അതു ചെയ്യുക. ആന്തരിക ജീവനിൽനിന്ന് അനുകൂലമായ പ്രതികരണം, ഉള്ളിൽ ആ 'അഭിഷേകം' ഉണ്ടെങ്കിൽ (1 യോഹ. 2:20,27) ധൈര്യമായി മുന്നോട്ടുപോകാം. അതേ സമയം ഒരു പ്രവർത്തനത്തിനു തുനിയുമ്പോൾ ആന്തരിക ജീവൻ മങ്ങിപ്പോകുന്നെങ്കിൽ, എത്ര തന്നെ നല്ല കാര്യമാണെങ്കിലും മുന്നോട്ടുപോകാതിരിക്കുന്നതാണ് നല്ലത്.

> ക്രിസ്തുവില്ലാത്ത പലരുടേയും പെരുമാറ്റം തെറ്റിന്റേയും ശരിയുടേയും പ്രമാണത്തിൽ അധിഷ്ഠിതമാണെന്ന കാര്യം നിങ്ങൾക്കറിയാമോ? അതേ പ്രമാണമാണ് ക്രിസ്ത്യാനിയേയും ഭരിക്കുന്നതെങ്കിൽ പിന്നെ അവർ തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ബാഹ്യമായ ധാർമ്മിക പ്രമാണങ്ങളല്ല ക്രിസ്തുവിന്റെ ജീവനാണ് ക്രിസ്ത്യാനിയെ നിയന്ത്രിക്കുന്നതെന്നു ദൈവവചനം വ്യക്തമായി പറയുന്നു. ദൈവത്തിനുള്ളതിനോടും ദൈവത്തിന് എതിരായതിനോടും പ്രതികരിക്കുന്ന നിർണായകമായ എന്തോ ഒന്നു ക്രിസ്ത്യാനിയിലുണ്ട്. അതുകൊണ്ട് തന്നെ നാം നമ്മുടെ ആന്തരിക പ്രതികരണത്തിന് ചെവികൊടുക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുവില്ലാത്ത പലരുടേയും പെരുമാറ്റം തെറ്റിന്റേയും ശരിയുടേയും പ്രമാണത്തിൽ അധിഷ്ഠിതമാണെന്ന കാര്യം നിങ്ങൾക്കറിയാമോ? അതേ പ്രമാണമാണ് ക്രിസ്ത്യാനിയേയും ഭരിക്കുന്നതെങ്കിൽ പിന്നെ അവർ തമ്മിൽ എന്തു വ്യത്യാസമാണുള്ളത്? ബാഹ്യമായ

**ഒരു നിർദ്ദേശത്തിനു മുമ്പിൽ നമ്മുടെ ആന്തരിക ജീവന്റെ തുടിപ്പ് നല്ല നിലയിൽ പ്രതികരിക്കുന്നുവെങ്കിൽ അത് അംഗീകരിക്കുക. ഇല്ലെങ്കിൽ ഉപേക്ഷിക്കുക. മറ്റുള്ളവരുടേയോ നമ്മുടെതന്നേയോ യുക്തിയാലോ, ബാഹ്യമായ ഘടകങ്ങളാലോ ഭരിക്കപ്പെടുവാൻ നാം അനുവദിക്കരുത്. ഒരു കാര്യം നമ്മുടെ ദൃഷ്ടിയിൽ നന്നായി തോന്നിയെന്നുവരും. കാര്യകാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ അതു കുഴപ്പമില്ലെന്നു തോന്നിയേക്കാം. പക്ഷേ, നമ്മുടെ ആന്തരിക ജീവൻ അതേക്കുറിച്ച് എന്തു പറയുന്നു?**

ധാർമ്മിക പ്രമാണങ്ങളല്ല ക്രിസ്തുവിന്റെ ജീവനാണ് ക്രിസ്ത്യാനിയെ നിയന്ത്രിക്കുന്നതെന്നു ദൈവവചനം വ്യക്തമായി പറയുന്നു. ദൈവത്തിനുള്ളതിനോടും ദൈവത്തിന് എതിരായതിനോടും പ്രതികരിക്കുന്ന നിർണായകമായ എന്തോ ഒന്നു ക്രിസ്ത്യാനിയിലുണ്ട്. അതുകൊണ്ട് തന്നെ നാം നമ്മുടെ ആന്തരിക പ്രതികരണത്തിന് ചെവികൊടുക്കേണ്ടിയിരിക്കുന്നു. ഒരു നിർദ്ദേശത്തിനു മുമ്പിൽ നമ്മുടെ ആന്തരിക ജീവന്റെ തുടിപ്പ് നല്ല നിലയിൽ പ്രതികരിക്കുന്നുവെങ്കിൽ അത് അംഗീകരിക്കുക. ഇല്ലെങ്കിൽ ഉപേക്ഷിക്കുക. മറ്റുള്ളവരുടേയോ നമ്മുടെതന്നേയോ യുക്തിയാലോ, ബാഹ്യമായ ഘടകങ്ങളാലോ ഭരിക്കപ്പെടുവാൻ നാം അനുവദിക്കരുത്. ഒരു കാര്യം നമ്മുടെ ദൃഷ്ടിയിൽ നന്നായി തോന്നിയെന്നു വരും. കാര്യകാരണങ്ങൾ വിശകലനം ചെയ്യുമ്പോൾ നമ്മുടെ ബുദ്ധിക്കും അതു കുഴപ്പമില്ലെന്നു തോന്നിയേക്കാം. പക്ഷേ, നമ്മുടെ ആന്തരിക ജീവൻ അതേക്കുറിച്ച് എന്തു പറയുന്നു?

**ജീവിതത്തിന്റെ അലൗകിക മാനദണ്ഡം**

പെരുമാറ്റം ജീവനിൽ അധിഷ്ഠിതമായിരിക്കണമെന്ന് ഒരിക്കൽ മനസ്സിലായാൽ, തിന്മയെ മാത്രമല്ല ബാഹ്യമായി നല്ലതെന്നു തോന്നുന്നതിനേയും ഒഴിവാക്കണമെന്നു നിങ്ങൾ സമ്മതിക്കും. ക്രിസ്തീയ ജീവനിൽനിന്നു മാത്രമേ ക്രിസ്തീയ പെരുമാറ്റം ഉത്ഭവിക്കുകയുള്ളു. അതുകൊണ്ട് ജീവനിൽനിന്ന് ഉത്ഭവിക്കാത്ത ഒരു പ്രവർത്തനത്തെയും നമുക്ക് അംഗീകരിക്കുവാൻ കഴിയുകയില്ല. ദൈവവചനം പറയുന്നത് ഓർക്കു: 'നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം നീ തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. നിശ്ചയം.' നന്മയേയും തിന്മയേയും ഇവിടെ ഒരുമിച്ചാണു പറഞ്ഞിരിക്കുന്നത് എന്നതും അതിന്മേലാണു ജീവനെ ('മരിക്കും നിശ്ചയം') പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ശ്രദ്ധിക്കുക.

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ പ്രാരംഭനാളുകളിൽ തെറ്റെല്ലാം ഒഴിവാക്കുവാനും ശരിയെന്നു തോന്നുന്നതു മാത്രം ചെയ്യുവാനും ഞാൻ വളരെ ജാഗ്രത പുലർത്തിയിരുന്നു. വലിയ പുരോഗതി ഇക്കാര്യത്തിൽ ഞാൻ കൈവരിച്ചതായും എനിക്കു തോന്നി. ആ കാലഘട്ടത്തിൽ എന്നോടൊപ്പം പ്രവർത്തിച്ചിരുന്ന ഒരു സഹശുശ്രൂഷകനുണ്ടായിരുന്നു. എന്നേക്കാൾ രണ്ടു വയസ്സുപ്രായക്കൂടുതലുള്ള അദ്ദേഹത്തോടു പ്രവർത്തനങ്ങൾ സംബന്ധിച്ചു പലകാര്യങ്ങളിലും ഞാൻ വ്യത്യസ്തമായ അഭിപ്രായം

പറഞ്ഞിരുന്നു. ശരിയുടേയും തെറ്റിന്റെയും മാനദണ്ഡം വച്ചായിരുന്നു എന്റെ സമീപനം. എന്നെക്കാൾ മുതിർന്ന സഹോദരനാണുതാനെന്ന ന്യായം അനുസരിച്ച് അദ്ദേഹമാകട്ടെ അതൊന്നും ചെവിക്കൊള്ളാതിരിക്കുകയും സ്വന്ത അഭിപ്രായപ്രകാരം മുന്നോട്ടു പോവുകയും ചെയ്തിരുന്നു. ഒരിക്കൽ ഈ പ്രശ്നം ഞാൻ ഒട്ടേറെ ആത്മീയ അനുഭവങ്ങളുള്ള, പക്വതയുള്ള ഒരു സഹോദരിയോടു പറഞ്ഞ് അവരുടെ അഭിപ്രായം ആരാഞ്ഞു. എന്നാൽ മുതിർന്ന സഹോദരൻ പറയുന്നത് എന്തായാലും അനുസരിക്കാനായിരുന്നു അവരുടെ ഉപദേശം. അവർ പറഞ്ഞു: 'ശരിയും ന്യായവും നിന്റെ ഭാഗത്തായിരിക്കാം, പക്ഷേ ഈ പ്രശ്നത്തിൽ ശരിയുടെ പക്ഷത്തു നിൽക്കുമ്പോൾ തന്നെ നിന്റെ ആന്തരിക ബോധ്യം എങ്ങനെയിരിക്കുന്നു? നിന്റെ ആന്തരിക ജീവൻ നിന്റെ പെരുമാറ്റത്തിൽ പ്രതിഷേധിക്കുന്നില്ലേ?' അവർ പറഞ്ഞതു സത്യമായിരുന്നു. മാനുഷിക മാനദണ്ഡം അനുസരിച്ചു ഞാൻ ചെയ്തതു ശരിയായിരുന്നു. പക്ഷേ ആന്തരിക ജീവൻ അതു തെറ്റാണെന്ന് എന്നെ ബോധ്യപ്പെടുത്തി.

ശരിയല്ലാത്ത എല്ലാറ്റിനേയും മാത്രമല്ല ബാഹ്യമായി മാത്രം ശരിയായ കാര്യങ്ങളേയും ആന്തരിക ജീവൻ വിധിക്കുന്നുണ്ട്. മാനുഷിക മാനദണ്ഡം അനുസരിച്ച് ശരിയായ ഒട്ടേറെ കാര്യങ്ങളുണ്ടായിരിക്കാം. പക്ഷേ അവയിലെ ദിവ്യജീവന്റെ അഭാവംകൊണ്ട് ദൈവിക മാനദണ്ഡം അവയെ തെറ്റെന്നു വിധിക്കുന്നു. ഞാൻ മുകളിൽ പറഞ്ഞ സംഭവത്തെ തുടർന്നു ദൈവമുമ്പാകെ മാത്രം ജീവിക്കേണ്ടതിന്റെയും ശരിയുടേയും തെറ്റിന്റെയും പ്രമാണത്താലല്ലാതെ ജീവന്റെ പ്രമാണത്താൽ പെരുമാറ്റം നിയന്ത്രിക്കപ്പെടേണ്ടതിന്റെയും ആവശ്യകത എനിക്ക് ആദ്യമായി ബോധ്യമായി. അതിൽ പിന്നെ ഏതു കാര്യവും അത് എത്ര ശരിയാണെന്നു മറ്റുള്ളവർ പറഞ്ഞാലും നല്ല കാര്യമായി എനിക്കു തന്നെ തോന്നിയാലും, എന്നിലുള്ള ക്രിസ്തുവിന്റെ ജീവന് അതിനോടുള്ള പ്രതികരണം എന്താണന്നു സൂക്ഷമമായി ശ്രദ്ധിച്ച ശേഷമേ മുന്നോട്ടുപോയിട്ടുള്ളൂ.

ദൈവിക അംഗീകാരമുണ്ടെന്നു ബോധ്യം വന്ന കാര്യങ്ങളിൽ തന്നെ മുന്നോട്ടു പോകുമ്പോൾ ആന്തരിക ജീവൻ കൂടുതൽ ബലപ്പെടുകയാണോ ക്ഷയിക്കുകയാണോ എന്നതും ശ്രദ്ധിക്കണം. ആന്തരിക അഭിഷേകം നാം ശരിയായ വഴിയിലാണെന്ന ഉറപ്പു തരുന്നു. അതേസമയം അഭിഷേകത്തിന്റെ അഭാവം അനുഭവപ്പെട്ടാൽ ആ കാര്യത്തിലുള്ള ദൈവിക അംഗീകാരം പിൻവലിക്കപ്പെട്ടതിന്റെ സൂചനയായി കണക്കാക്കാം. നമ്മെ സംബന്ധിച്ച ദൈവവഴി ബാഹ്യമായ എന്തെങ്കിലും സൂചനകളിലൂടെയല്ല ആന്തരിക ബോധ്യങ്ങളിലൂടെയാണ് അറിയിക്കുന്നത്. ആത്മാവിലുള്ള സമാധാനവും സന്തോഷവുമാണ് ദൈവിക വഴിയിലൂടെയാണ് പോകുന്നത് എന്നതിന്റെ വ്യക്തമായ സൂചന.

ഞാൻ ഒരിക്കൽ ഒരു സ്ഥലം സന്ദർശിച്ചപ്പോൾ മറ്റൊരു സഹോദരനും അവിടെ അതിഥിയായി ഉണ്ടായിരുന്നു. തനിക്ക് ആത്മീകമായി പ്രയോജനമുള്ള സ്ഥലമാണതെങ്കിലും അവിടെ നടക്കുന്ന ഏറെ കാര്യങ്ങളോടും അദ്ദേഹത്തിനു

**മറുരൂപ മലയിൽ നിയമത്തിന്റെ പ്രതിനിധിയായി മോശെയുണ്ടായിരുന്നു. പ്രവാചകന്മാരെ പ്രതിനിധാനം ചെയ്ത് ഏലിയാവുമുണ്ടായിരുന്നു. നിയമപരമായ മാനദണ്ഡവും പ്രാവചനിക മാനദണ്ഡവും അവിടെയുണ്ടായിരുന്നുവെന്നു സാരം. പക്ഷേ, ഈ രണ്ടുപേരെയും ദൈവം അവിടെ നിശ്ശബ്ദരാക്കിയശേഷം പറഞ്ഞു: 'ഇവൻ എന്റെ പ്രിയപുത്രൻ. ഇവനു ചെവികൊടുപ്പിൻ.' ഇന്നു ക്രിസ്ത്യാനിയുടെ മാനദണ്ഡം നിയമത്തിന്റെയോ പ്രവാചകന്മാരുടെയോ ആയിരിക്കരുത്. അതു ക്രിസ്തുവായിരിക്കണം.**

യോജിപ്പുണ്ടായിരുന്നില്ല. അദ്ദേഹം അതു പറയുകയും ചെയ്യുമായിരുന്നു. ഒരു ദിവസം ഈ കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ 'ഈ സ്ഥലത്തോട് ഇത്രയേറെ എതിർപ്പുണ്ടെങ്കിൽ എന്തിനാണിവിടെ തുടരുന്നത്? വേറെങ്ങോട്ടെങ്കിലും പൊയ്ക്കൂടേ?' എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. 'അതിന്റെ കാരണം ഇവിടെയാണു കിടക്കുന്നത്.' നെഞ്ചിൽ തൊട്ടുകൊണ്ട് അദ്ദേഹം മറുപടി പറഞ്ഞു. 'ഓരോ തവണയും ഇവിടം വിട്ടുപോകുന്ന കാര്യം ചിന്തിക്കുമ്പോൾ എന്റെ ഹൃദയ സമാധാനം നഷ്ടപ്പെടുന്നു.'

'സഹോദരാ, തെറ്റും ശരിയുടേയും പ്രമാണവും, ജീവന്റെ പ്രമാണവും, രണ്ടു വ്യത്യസ്ത കാര്യങ്ങളായി താങ്കളിവിടെ കാണുന്നു അല്ലേ?' – ഞാൻ ചോദിച്ചു.

'ശരിയാണ്' അദ്ദേഹം സമ്മതിച്ചു. 'ഓരോ തവണ ഞാൻ ഇവിടം വിട്ടുപോകാൻ തുടങ്ങുമ്പോഴും ആന്തരികമായ ഒരു വിലക്ക് എനിക്കനുഭവപ്പെടുന്നു. ഇവിടെ നടക്കുന്നത് പലതും ശരിയല്ലെങ്കിലും എന്നെ സംബന്ധിച്ച് ഇവിടം വിട്ടുപോകുന്നതും ശരിയല്ല.' ആ സ്ഥലത്തു തന്നെ തുടർന്ന് അവിടെ ദൈവത്തെ കണ്ടുമുട്ടുവാനായിരുന്നു ആ സഹോദരന്റെ വിളി.

**ബാഹ്യകാര്യങ്ങൾ തീരുമാനത്തെ നിയന്ത്രിക്കരുത്**

ദൈവമക്കളുടെ ഇടയിലുള്ള ഏറ്റവും വലിയ തെറ്റിദ്ധാരണ അവരുടെ പ്രവർത്തനങ്ങൾ തെറ്റും ശരിയുടേയും പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം എന്നുള്ളതാണ്. അവരുടെ കാഴ്ച അവരോടു ശരി എന്നു പറയുന്നത് അവർ ചെയ്യുന്നു. അവരുടെ പശ്ചാത്തലം ശരിയെന്നു പറയുന്നതും അവർ ചെയ്യുന്നു. വർഷങ്ങളിലെ തങ്ങളുടെ അനുഭവം ശരിവയ്ക്കുന്നതും അവർ ചെയ്യുന്നു. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ സംബന്ധിച്ച് ആന്തരിക ജീവനിൽ അടിസ്ഥാനപ്പെട്ടതായിരിക്കണം എല്ലാ തീരുമാനവും. മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്തമാണത്. ജീവനാൽ പരിശോധിക്കപ്പെടാത്ത ഒരു തീരുമാനവും ഒരു യഥാർത്ഥ ക്രിസ്ത്യാനി കൈക്കൊള്ളരുത്. ഒരു പ്രവൃത്തിക്കു മുതിരുമ്പോൾ ആന്തരിക ജീവനിൽ ഒരു വിശാലത അനുഭവപ്പെട്ടാൽ മുന്നോട്ടു പോകുക. എന്നാൽ ഒരു പ്രവർത്തനത്തിൽ മുന്നോട്ടു പോകുമ്പോൾ ആന്തരിക ജീവൻ പിൻവാങ്ങുന്നുവെങ്കിൽ ഉടനെ അതു നിർത്തിവയ്ക്കുക.

ഒരു സംഭവം ഞാൻ ഓർക്കുന്നു. ഒരു സ്ഥലത്തു സഹോദരന്മാർ ഫല

*(ശേഷം പേജ് 31 ൽ)*

ചിന്തയ്ക്ക്

## കർത്താവിനോടുള്ള ആദ്യസ്നേഹം നഷ്ടപ്പെടരുത്– 2

# സഭകളോടുള്ള ദൂത്

**സാക് പുന്നൻ**

(കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച)

**ബി**ലെയാമിന്റെ ഉപദേശത്തിലെ രണ്ടാമത്തെ ഘടകം ദുർമ്മാർഗ്ഗജീവിതമാണ്. ഈ ഉപദേശം യാതൊരു നിയന്ത്രണവും കൂടാതെ സഹോദരിമാരും സഹോദരന്മാരും തമ്മിൽ സ്വതന്ത്രമായി ഇടപഴകുവാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു. വെളി. 2:14–ൽ ബിലെയാമാണ് മോവാബ്യപ്പെൺകുട്ടികളെ യിസ്രായേലിയുവാക്കന്മാരുമായി സ്വതന്ത്രമായി ഇടപഴകുവാൻ ഉത്സാഹിപ്പിച്ചതെന്നു നാം വായിക്കുന്നു. ഒരൊറ്റ ദിവസത്തിൽ 24000 പേരെ ദൈവം സംഹരിക്കുവാൻ ഇടയാക്കുമാറുള്ള ദുർമ്മാർഗ്ഗജീവിതം യിസ്രായേൽ മക്കളുടെ ഇടയിൽ ഉണ്ടാകുവാൻ ഇതുവഴി തെളിച്ചു (സംഖ്യാ. 25:1–9)

ഫിനേഹാസ് ഒരു കുന്തം പ്രയോഗിച്ച് ഈ ദുർമ്മാർഗ്ഗത്തിന് ഒരു വിരാമം ഇട്ടപ്പോൾ മാത്രമേ യിസ്രായേലിനെതിരായുള്ള ദൈവക്രോധം നിന്നുപോയുള്ളു. ഫിനേഹാസിന്റെ പ്രവൃത്തി കണ്ടപ്പോൾ ദൈവം അത്യന്തം സന്തുഷ്ടനാവുകയും തന്മൂലം നിത്യമായൊരു പൗരോഹിത്യ ഉടമ്പടിയിലേക്ക് അദ്ദേഹത്തെ പ്രവേശിപ്പിക്കുകയും ചെയ്തു. സഭയിൽ സഹോദരന്മാരും സഹോദരിമാരും തമ്മിലുള്ള സ്വതന്ത്രമായ ഇടപഴകലിനെതിരേ കർക്കശനിലപാടു സ്വീകരിക്കുന്നവരെ ദൈവം എപ്പോഴും മാനിക്കുന്നു.

ഇവിടെ വീണ്ടും മൂപ്പന്മാരെന്ന നിലയിൽ നാം നമ്മുടെ വ്യക്തിപരമായ സ്വഭാവം മുഖേന മറ്റുള്ളവർക്കു ദൃഷ്ടാന്തങ്ങളായിത്തീരണം. സഹോദരിമാരുമായിട്ടുള്ള പെരുമാറ്റത്തിൽ നാം ഗൗരവബോധമുള്ളവരായി, അവരുമായി ലാഘവബുദ്ധിയോടു കൂടിയ എല്ലാ അനാവശ്യസംഭാഷണവും വർജ്ജിക്കണം. എപ്പോഴും നമ്മോടു സംഭാഷിക്കുവാനാഗ്രഹിക്കുന്ന സഹോദരിമാരെക്കുറിച്ച് നാം പ്രത്യേകം ജാഗ്രതയുള്ളവരാകേണ്ടിയിരിക്കുന്നു. സഹോദരിമാരോടു സംസാരിക്കുവാൻ നാം താൽപര്യപ്പെടുന്നുവെങ്കിൽ ദൈവസഭയെ നയിക്കുവാൻ നാം അയോഗ്യരത്രേ. ഒരു അടച്ച മുറിയിലിരുന്നു നാം ഒരിക്കലും സഹോദരിമാരുമായി സംസാരിക്കരുത്. സ്വന്തം ഭാര്യയുടെ സാന്നിധ്യത്തിലോ മറ്റൊരു മൂത്തസഹോദരനോടൊപ്പമോ സഹോദരിമാർക്ക് ഉപദേശം നൽകുന്നത് എപ്പോഴും ഉത്തമമായിരിക്കും.

ശമര്യയിലെ കിണറ്റിങ്കൽവച്ച് യേശു ഒരു സ്ത്രീയുമായി സംഭാഷിക്കുന്നതു ശിഷ്യന്മാർ കണ്ടപ്പോൾ,

**പുതിയനിയമ സഭയുടെ നേതൃത്വത്തിൽ എന്തെങ്കിലും പങ്കുവഹിക്കുവാൻ ദൈവം സ്ത്രീകളെ വിളിച്ചിട്ടില്ല. എന്നാൽ തങ്ങളുടെ സഭയുടെ ഭരണത്തിൽ ഒരു സ്വാധീനശക്തിയായിത്തീരുവാൻ ആഗ്രഹിക്കുന്ന തന്റേടികളായ സഹോദരിമാർ എല്ലായിടത്തുമുണ്ട്. ഇപ്രകാരമുള്ള എല്ലാ സ്ത്രീകളും ഈസബേൽമാരാണ്. സഹോദരിമാർ വീട്ടുകാര്യം നോക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവർ സഭാകാര്യങ്ങളിൽ കൈകടത്തുവാൻ ആരംഭിച്ചാൽ അതു സഭയിൽ കുഴപ്പം സൃഷ്ടിക്കും.**

യേശു ഒരു സ്ത്രീയോടു സംസാരിക്കയാൽ അവർ ആശ്ചര്യപ്പെട്ടുവെന്നു തിരുവെഴുത്തിൽ നാം വായിക്കുന്നു (യോഹ. 4:27). കാരണം. യേശു തനിയേ ഒരു സ്ത്രീയോടു സംസാരിക്കുന്ന പതിവുണ്ടായിരുന്നില്ല. തിന്മയുടെ സാരൂപ്യമുള്ള ഒരു കാര്യംപോലും ചെയ്യാതിരിക്കുവാൻ അവിടുന്നു ശ്രദ്ധാലുവായിരുന്നു. ഇതു നമുക്കെല്ലാം പിന്തുടരുവാൻ യോഗ്യമായ ഒരു ദൃഷ്ടാന്തമത്രേ.

**തുയഥൈരാ – ഒരു സ്ത്രീ സഭയെ നയിക്കുന്നു**

ധാരാളം സഹോദരന്മാർ വഴിതെറ്റിപ്പോകുവാൻ ഇടയാകുമാറ് ഈസബേൽ എന്ന സ്ത്രീയെ (മൂപ്പന്റെ ഭാര്യ-വെളി. 2:20 മാർജിൻ) സഭാകാര്യങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തുവാൻ അനുവദിച്ചതിന് തുയഥൈരയിലെ സഭയുടെ മൂപ്പനെ കർത്താവ് ശാസിച്ചു. ഇപ്രകാരമുള്ള ദൈവഭൃത്യന്മാർ ഇന്നുമുണ്ട്. സഭാകാര്യത്തിൽ തങ്ങളുടെ ഭാര്യമാരും മറ്റു സഹോദരിമാരും ഇടപെടുന്നതിനെനിയന്ത്രിക്കുവാൻ അവർക്കു കഴിവില്ല.

പുതിയനിയമ സഭയുടെ നേതൃത്വത്തിൽ എന്തെങ്കിലും പങ്കുവഹിക്കുവാൻ ദൈവം സ്ത്രീകളെ വിളിച്ചിട്ടില്ല. 1 തിമോ.2:12-ൽ അതു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ സഭയുടെ ഭരണത്തിൽ ഒരു സ്വാധീനശക്തിയായിത്തീരുവാൻ ആഗ്രഹിക്കുന്ന തന്റേടികളായ സഹോദരിമാർ എല്ലായിടത്തുമുണ്ട്. ഇപ്രകാരമുള്ള എല്ലാ സ്ത്രീകളും ഈസബേൽമാരാണ്. സഹോദരിമാർ വീട്ടുകാര്യം നോക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു (തീത്തോ. 2:5). എന്നാൽ അവർ സഭാകാര്യങ്ങളിൽ കൈകടത്തുവാൻ ആരംഭിച്ചാൽ അതു സഭയിൽ കുഴപ്പം സൃഷ്ടിക്കും. ഒരു മൂപ്പന്റെ ഭാര്യ വീട്ടിൽ വച്ച് ഭർത്താവിന്റെമേൽ വലിയൊരു സ്വാധീനശക്തി ചെലുത്തുവാനും തൽഫലമായി മൂപ്പന്മാരുടെ മീറ്റിംഗുകളിൽ അദ്ദേഹം പറയുന്ന കാര്യങ്ങൾ എല്ലാം വീട്ടിൽ വച്ച് അവർ അദ്ദേഹത്തിന്റെ കാതിലേക്ക് അടിച്ചുകയറ്റിയവയായിത്തീരുവാനും സാധ്യതയുണ്ട്.

അത്തരം മൂപ്പന്മാർ സ്ത്രൈണസ്വഭാവികളും ദൈവഭൃത്യരായിത്തീരുവാൻ തികച്ചും അനർഹരുമത്രേ. ഈ വിധത്തിലുള്ള മൂപ്പന്മാരെ സ്ത്രീവർഗ്ഗത്തിൽപ്പെടുന്നവരായി പരിഗണിക്കണം. അതിനാൽ സഭയിൽ ഏതെങ്കിലും നേതൃസ്ഥാനം വഹിക്കുവാൻ അയോഗ്യരാണവർ.

**സർദ്ദിസ്-പ്രശസ്തിക്കുവേണ്ടിയുള്ള ജീവിതം**

സർദ്ദിസിലെ സഭയുടെ ദൂതൻ ഒരു കപടഭക്തനായിരുന്നതിന്റെ പേരിൽ കർത്താവ് അവനെ ശാസിക്കുന്നു. ജീവനുള്ളവനെന്നു ജനങ്ങ

ളുടെ മുമ്പിൽ അദ്ദേഹത്തിന് ഒരു പേരുണ്ട്. എന്നാൽ അദ്ദേഹം യഥാർത്ഥത്തിൽ ആത്മീയമായി മരിച്ചവനത്രേ. എന്നാൽ സർദ്ദിസിൽ പൂർണ്ണമനസ്കരും ശുഷ്കാന്തിയുള്ളവരുമായി കുറച്ചുപേർ ഉണ്ടായിരുന്നു. അവർ തങ്ങളുടെ വസ്ത്രം നിർമ്മലമായി സൂക്ഷിച്ചിരുന്നു. സഭയിലുള്ള മറ്റു സഹോദരന്മാർ മൂപ്പനെക്കാൾ കൂടുതൽ ദൈവഭയമുള്ളവരായിരിക്കുമ്പോൾ അതു ദുഃഖരമായ ഒരു സ്ഥിതിവിശേഷമാണ്.

തന്റെ പ്രസംഗത്തിലൂടെയും താൻ മുഖാന്തരം ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചു സാക്ഷ്യം പറയുന്നതിലൂടെയുമായിരിക്കാം സർദ്ദിസിലെ മൂപ്പന് ഒരു പേരുണ്ടായിരുന്നത്. നമ്മുടെ ശുശ്രൂഷയിലൂടെ അദ്ഭുതങ്ങൾ നടന്നതായി നമുക്ക് അനുഭവപ്പെട്ടേക്കാം. എന്നാൽ നാം അവയെക്കുറിച്ചു സംസാരിക്കുവാനാരംഭിക്കുന്നപക്ഷം അതിൽ യഥാർത്ഥമായ ഒരു വിപത്ത് ഉൾക്കൊണ്ടിരിക്കുന്നു.

നിങ്ങൾ യേശുവിന്റെ ദൃഷ്ടാന്തം നോക്കിയാൽ അത്തരം കാര്യങ്ങളെക്കുറിച്ച് ഒരിക്കലും അവിടുന്നു സംസാരിച്ചിട്ടില്ലെന്നു നിങ്ങൾക്ക് മനസ്സിലാക്കാം. ഏതെങ്കിലും സ്ഥലത്ത് താൻ ചെയ്ത അദ്ഭുതകൃത്യങ്ങളെക്കുറിച്ച് അവിടുന്ന് ഒരിക്കലും സാക്ഷ്യം പറഞ്ഞിട്ടില്ല. അവിടുന്നു ദൈവവചനം പ്രസംഗിച്ചു. തന്നിലൂടെ പിതാവുചെയ്ത കാര്യങ്ങളെപ്പറ്റി ഒരിക്കലും അവിടുന്ന സംസാരിച്ചില്ല. അവിടുത്തെ എല്ലാ നീതിയും എല്ലാ പ്രവർത്തനങ്ങളും പിതാവിന്റെ മുമ്പിൽ രഹസ്യത്തിലാണു ചെയ്യപ്പെട്ടിട്ടുള്ളത്.

നസറേത്തിൽ യേശു ചെലവഴിച്ച മുപ്പതു വർഷക്കാലത്തിനിടയിൽ യേശുവിന് തന്റെ പിതാവിനോടൊപ്പം അദ്ഭുതകരമായ ചില അനുഭവങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ അവയിൽ ഒന്നിനെക്കുറിച്ചും ഒരു വാക്കുപോലും അവിടുന്നു സംസാരിച്ചിട്ടില്ല. അവയെല്ലാം രഹസ്യമായി സൂക്ഷിക്കേണ്ടതാണെന്ന് അവിടുത്തെക്ക് അറിയാമായിരുന്നു. തനിക്കു മറ്റുള്ളവരുടെ മുമ്പിൽ ഒരു പേരുണ്ടാക്കുവാൻ അവിടുന്ന് ഒരിക്കലും ആഗ്രഹിച്ചില്ല. എല്ലാകാര്യത്തിലും നമുക്ക് യേശുവിനെ നമ്മുടെ മാതൃകയാക്കിത്തീർക്കാം.

നാം ഒരു സാക്ഷ്യം പറയുമ്പോൾ അതിൽ അസത്യവും അതിശയോക്തിയും കടന്നുകൂടുവാൻ വളരെ എളുപ്പമാണ്. ഉദാഹരണമായി നമ്മുടെ പ്രാർത്ഥനയിലൂടെ രോഗശാന്തി ലഭിച്ച ഒരുവനെക്കുറിച്ച് നാം മറ്റൊരാളോടു പറഞ്ഞെന്നുവരാം. നാം പ്രാർത്ഥിച്ചിട്ടും സൗഖ്യം ലഭിക്കാതെയിരുന്ന വേറെ ഒരു നൂറുപേരെക്കുറിച്ച് നാം ഒരിക്കലും പറയാതെയുമിരിക്കാം. ഇത്തരം സന്ദർഭങ്ങളിൽ നാം പൂർണ്ണമായ സത്യമല്ല സംസാരിക്കുന്നത്.

നാം കർത്താവിന്റെ ഭൃത്യരായിരിക്കണമെങ്കിൽ നാം സമ്പൂർണ്ണമായും സത്യസന്ധരായിരിക്കണം. നാം യഥാർത്ഥത്തിൽ ആയിരിക്കുന്നതിനെക്കാൾ മെച്ചമായ ഒരു ധാരണ മറ്റുള്ളവർക്കു നമ്മെപ്പറ്റി ലഭിക്കുവാൻ ഇടയാകരുത്. നമ്മെപ്പറ്റി അതിൽക്കുറവായി അവർചിന്തിക്കുന്നപക്ഷം അതു വളരെയധികം നല്ലതായിരിക്കും.

തങ്ങൾക്കു വസ്തവത്തിലില്ലാത്ത ആത്മവരങ്ങളെപ്പറ്റി ആത്മപ്രശംസ ചെയ്യുന്നവർ ഒരിക്കലും മഴ തരാത്തവയും വഞ്ചിക്കുന്നവയുമായ മേഘങ്ങളെപ്പോലെയാണ് (സദൃ.25:14)

മറ്റുള്ളവരുടെ മുമ്പിൽ സ്വയം ഭാവിക്കുന്നതുപോലെയുള്ള ഒരു

**ദൈവം നമ്മുടെ പ്രവർത്ത നത്തെ അനുഗ്രഹിച്ചു വർദ്ധി പ്പിച്ചിട്ടുണ്ടോ? കർത്താവിന്റെ വേലയിലൂടെ നമുക്ക് ഒരു പേരു സമ്പാദിക്കുവാൻ കഴി ഞ്ഞിട്ടുണ്ടോ? അങ്ങനെയെ ങ്കിൽ അവിശ്വസ്തരായിരുന്ന മറ്റുള്ളവരിൽനിന്നു വ്യത്യസ്ത മായി നാം വിശ്വസ്തരായിരുന്നു എന്ന ഒരു തോന്നൽ അബോധ പൂർവ്വമായിത്തന്നെ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാകും. ആത്മീയമരണത്തിലേക്കു വീണുപോകുവാനുള്ള എളുപ്പ വഴികളിലൊന്ന് ഇപ്രകാരം സ്വയം അഭിനന്ദിക്കുന്ന മനോഭാ വമാണ്. ഈ മാർഗ്ഗത്തിലൂടെ യാണ് നെബുഖദ്നേസർ വീണുപോയത്.**

വലിയ വിശ്വാസവീരനാണോ നിങ്ങൾ? എത്ര പ്രാവശ്യം നിങ്ങൾ വ്യാകുലചിത്തനായിത്തീർന്നിട്ടുണ്ടെന്നു ചിന്തിക്കുക. എങ്കിൽ നിങ്ങൾ അപ്രകാരമുള്ള ഒരു വിശ്വാസവീരനാണോ? (മറ്റാരെക്കാളുമായി നിങ്ങളെക്കുറിച്ചറിവുള്ള) നിങ്ങളുടെ ഭാര്യ നിങ്ങളെ ഒരു വലിയ വിശ്വാസവീരനായിക്കരുതുന്നുണ്ടോ? മറ്റുള്ളവരുടെ മുമ്പിൽ വലിയ പേരുള്ള പല മൂപ്പന്മാർക്കും അവരെ യഥാർത്ഥമായി അറിയുന്ന ഭാര്യമാരുടെ മുമ്പിൽ വലിയ പേരൊന്നും ഇല്ല തന്നെ!

നാം യഥാർത്ഥത്തിൽ ആയിരിക്കുന്നവിധം തന്നെ മറ്റുള്ളവർ നമ്മെ കാണുന്നതിനെക്കുറിച്ച് നാം ഭയപ്പെടുന്നതെന്തിന്? അവരുടെ മുമ്പിൽ വലിയവരായിക്കാണപ്പെടുവാൻ നാം ആഗ്രഹിക്കുന്നതുകൊണ്ടല്ലേ അത്? നമ്മുടെ പരാജയങ്ങളെപ്പറ്റി നാം മറ്റുള്ളവരുടെ മുമ്പിൽ ഏറ്റുപറയുമ്പോൾ നാം വേണ്ടിടത്തോളം പ്രാർത്ഥിക്കുന്നില്ല, വേണ്ടിടത്തോളം ഉപവസിക്കുന്നില്ല എന്നെല്ലാമുള്ള 'വിശുദ്ധപാപങ്ങൾ' മാത്രമാണോ നാം ഏറ്റുപറയുന്നത്?

അത്തരം ഏറ്റുപറച്ചിലുകൾ കപടവും നമ്മുടെ പ്രശസ്തിയെ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. ഇത്തരം കപടഭക്തിക്കാരായ മൂപ്പന്മാർ മാനസാന്തരപ്പെടേണ്ടത് ആവശ്യമത്രേ.

നാം തികച്ചും നമ്മെപ്പോലെയുള്ള മക്കളെ മാത്രം ഉദ്ഭവിപ്പിക്കും എന്നുള്ള സത്യവും നാം എപ്പോഴും ഓർക്കണം. ആദാമിനെപ്പറ്റി അദ്ദേഹം തന്റെ സ്വന്ത സാദൃശ്യത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചുവെന്ന് എഴുതപ്പെട്ടിരിക്കുന്നു (ഉൽപ.5:3). ഒരു സൂക്ഷ്മദർശിനിയിൽക്കൂടെയല്ലാതെ മറ്റുള്ളവർക്കു കാണുവാൻ കഴിയാത്ത ദൗർബല്യങ്ങൾ നമ്മുടെ രക്തത്തിലുണ്ട്. എങ്കിലും അവയെ നാം നമ്മുടെ മക്കൾക്കു പകർന്നുകൊടുക്കുക തന്നെ ചെയ്യും.

ആത്മീയകാര്യത്തിലും അത് അങ്ങനെ തന്നെയാണ്. മറ്റുള്ളവർ ഒരിക്കലും കാണാത്ത പരാജയമേഖലകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായിരിക്കാം. എന്നാൽ കാലംകഴിയുമ്പോൾ നമ്മുടെ ആത്മീയമക്കൾക്കും അതേ ദൗർബല്യങ്ങൾ ഉള്ളതായി നാം കണ്ടെത്തും.

എല്ലാ സഭകളും അന്തിമമായി അവരുടെ നേതാവിനെപ്പോലെയായിത്തീരും. അതുമൂലമാണ് വെളി. 2, 3 അധ്യായങ്ങളിലുള്ള ലേഖനങ്ങൾ പ്രാഥമികമായി സഭയുടെ ദൂതന്മാരുടെ പേർക്ക് എഴുതപ്പെട്ടിരിക്കുന്നത്. അനന്തരം ആത്മാവു സഭകളോടു പറയുന്നതെന്തെന്ന് ചെവിയുള്ളവർ

കേൾക്കട്ടെ എന്നും അവയിൽ പറയുന്നു.

നാം രഹസ്യത്തിൽ അസത്യവാദികളെങ്കിൽ നാം അന്തിമമായി അസത്യവാദികളായ സഹോദരീസഹോദരന്മാരെ സൃഷ്ടിക്കും. നാം രഹസ്യത്തിൽ ദുർമ്മോഹികളും പിശുക്കന്മാരുമാണെങ്കിൽ അതേ സ്വഭാവത്തോടുകൂടിയവരായി നമ്മുടെ സഭയിലെ മറ്റുള്ളവരും തീരും. ഉള്ളിൽക്കടന്നു നമ്മുടെ ജഡികത്വത്തെ കാണാൻ വിവേചനമുള്ളവരും നമ്മുടെ ദൃഷ്ടാന്തം പിന്തുടരാത്തവരും മാത്രമായിരിക്കും ഈ നിയമത്തിന് അപവാദങ്ങൾ.

അപ്രകാരമുള്ള പൂർണ്ണമനസ്കരായ ചില വിശ്വസികൾ സർദ്ദീസിൽ ഉണ്ടായിരുന്നു. അവർ തങ്ങളുടെ സഭാനേതാവിന്റെ ജഡികത്വം മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ ദൃഷ്ടാന്തം പിന്തുടരാതിരിക്കുകയും ചെയ്തതുമൂലം അവർ അയാളെപ്പോലെയായിത്തീർന്നില്ല.

നമുക്കുവേണ്ടി ഒരു പേരുണ്ടാക്കുവാൻ ബാബിലോണിന്റെ ആത്മാവിനാൽ നാം പ്രേരിതരായിത്തീരുമ്പോൾ തന്നെ നാം യഥാർത്ഥസഭയെ പണിയുന്നവരാണെന്നു സങ്കല്പിക്കുന്നത് നമുക്കു സംഭവിക്കാവുന്ന ഏറ്റവും വലിയ വഞ്ചനകളിലൊന്നാണ്.

വെളി. 17,18 അധ്യായങ്ങളിൽ വിവരിച്ചിട്ടുള്ള ബാബിലോൺ എന്ന വ്യാജസഭയുടെ ഉത്ഭവം എങ്ങനെയെന്നു ബാബേൽഗോപുരനിർമ്മാണത്തിൽ നമുക്കു കാണുവാൻ കഴിയും.

ബാബേലിൽ വച്ച് ജനങ്ങൾ "നാം ഒരു ഗോപുരം പണിയുക. നമുക്ക് ഒരു പേരും ഉണ്ടാക്കുക" എന്ന് അന്യോന്യം പറഞ്ഞു. അതാണ് ബാബിലോണിന്റെ അന്തസ്സത്ത.

ദൈവം നമ്മുടെ പ്രവർത്തനത്തെ അനുഗ്രഹിച്ചു വർദ്ധിപ്പിച്ചിട്ടുണ്ടോ? കർത്താവിന്റെ വേലയിലൂടെ നമുക്ക് ഒരു പേരു സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? അങ്ങനെയെങ്കിൽ അവിശ്വസ്തരായിരുന്ന മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി നാം വിശ്വസ്തരായിരുന്നു എന്ന ഒരു തോന്നൽ അബോധപൂർവ്വമായിത്തന്നെ നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടാകും. ആത്മീയമരണത്തിലേക്കു വീണുപോകുവാനുള്ള എളുപ്പവഴികളിലൊന്ന് ഇപ്രകാരം സ്വയം അഭിനന്ദിക്കുന്ന മനോഭാവമാണ്.

ഈ മാർഗ്ഗത്തിലൂടെയാണ് നെബുഖദ്നേസർ വീണുപോകയും ഒരു മൃഗത്തെപ്പോലെ പെരുമാറുവാനാരംഭിക്കുകയും ചെയ്തത്. ദാനിയേൽ നാലാമദ്ധ്യായം വായിച്ചു ധ്യാനിക്കുക. നമുക്കെല്ലാം വളരെ ആവശ്യമായിരുന്ന ഒരു സന്ദേശം അതിൽ അടങ്ങിയിരിക്കുന്നു. അവിടെ നെബുഖദ്നേസർ ഇപ്രകാരം ചിന്തിച്ചു: "ഇതു ഞാൻ പണിത മഹതിയാം ബാബിലോൺ അല്ലയോ?"(ദാനി. 4:30). ഈ കാര്യം അദ്ദേഹം മറ്റാരോടും പറയുകയല്ല ചെയ്തതെന്നു മനസ്സിലാക്കുക. അദ്ദേഹത്തിന്റെ ഹൃദയത്തിൽ അപ്രകാരമൊരു ചിന്ത അങ്കുരിച്ചുവെന്നു മാത്രം. എങ്കിലും ദൈവം ഉടൻ തന്നെ അദ്ദേഹത്തെ ന്യായം വിധിച്ച് ഒരു ഭ്രാന്തനാക്കിത്തീർത്തു.

ഈ വിധത്തിലാണ് ഒട്ടനേകം സുവിശേഷപ്രസംഗകന്മാരും മൂപ്പന്മാരും ശതാബ്ദങ്ങളിലൂടെ കൃപയിൽനിന്നു വീണുപോയിട്ടുള്ളത്. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കുകയും തനിക്കും ഈ ദുർവിധി വരാതിരിപ്പാൻ സൂക്ഷിക്കുകയും ചെയ്യട്ടെ.


(തുടരും)

വചനദീപം

## വിശുദ്ധജീവിതം-27

# ആത്മാവിലുള്ള സ്തോത്രം

സാമുവൽലോഗൻ ബ്രെങ്കിൾ



**ദൈവത്തെ** സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്ന ശബ്ദം ജാതികൾക്കും വിവേകികൾക്കും മറഞ്ഞിരിക്കുന്ന ഒരു മർമ്മമാണ്. പലപ്പോഴും ശത്രു ജനസമൂഹത്തിന്മേൽ വരുത്തുന്ന മന്ദതയെ ഇല്ലാതെയാക്കുവാൻ വേറെ മാർഗ്ഗങ്ങളൊന്നുമില്ല. ശത്രുവിന്റെ ഭീഷണിക്ക് വിധേയരായി തളർന്നിരിക്കുന്ന ദൈവമക്കൾ, ശത്രുവിനെ നോക്കിക്കൊണ്ട് ജയത്തിന്റെ ശബ്ദം മുഴുക്കുമെങ്കിൽ അവർക്ക് ആത്മികമായ സ്വാതന്ത്ര്യം അനുഭവമാകുന്നത് കണ്ടിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ ദൈവജനം കൂടിവരുമ്പോൾ അവർ ആത്മികമായ യാതൊരു ചൈതന്യവുമില്ലാതെയിരിക്കുന്ന അനുഭവങ്ങളുണ്ട്. എന്നാൽ ഒരു വ്യക്തി ആത്മികസ്വാതന്ത്ര്യത്തോടുകൂടെ ദൈവത്തെ സ്തുതിച്ചു തുടങ്ങുമ്പോൾ ജനക്കൂട്ടത്തിന് പൊതുവെ ആത്മീക സ്വാതന്ത്ര്യത്തിന്റെ അനുഭവം ഉണ്ടാകുന്നതും കണ്ടിട്ടുണ്ട്.

തീ കത്തുമ്പോൾ തീ ജ്വാല പൊങ്ങുന്നതുപോലെ തന്നെയാണു രക്ഷിക്കപ്പെട്ട ജനത്തിന്റെ സ്തോത്ര ശബ്ദം. തീ കത്തി ഏരിയാതെ തീക്ഷണങ്ങൾ മാത്രംകൊണ്ട് തീ പടർന്നുപിടിക്കുന്നില്ല. തീ പടർന്നു പിടിക്കുന്നതിന് തീക്കഷണങ്ങളിൽനിന്ന് ജ്വാല പുറപ്പെടേണ്ടതാണ്. രക്ഷിക്കപ്പെട്ട വിശ്വാസികൾ തങ്ങളുടെ ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുമ്പോഴാണ് അവരുടെ രക്ഷയുടെ അനുഭവം മറ്റുള്ളവരിലേക്ക് വ്യപിക്കുന്നത്.

എന്നാൽ അർത്ഥമില്ലാതെ കേവലം സ്തോത്രത്തിന്റെ ശബ്ദം പുറപ്പെടുവിക്കുന്നവരുണ്ട്. അതു തകരംകൊണ്ടുണ്ടാക്കിയ ഒരു വെറും പാത്രം കല്ലുകളുടെ മുകളിൽകൂടെ ഉരുണ്ടുപോകുമ്പോഴുണ്ടാകുന്ന ശബ്ദം പോലെമാത്രമാണ്. തോക്കിൽ ചില്ലുകളില്ലാത്ത

വെടി കേവലം ശബ്ദമായിത്തീരുന്നതുപോലെ മാത്രമേ അപ്രകാരമുള്ള സ്തോത്രത്തിന്റെ ശബ്ദങ്ങളെക്കുറിച്ച് കരുതുവാൻ കഴിയുന്നുള്ളൂ. അത് ആത്മാനിറവിൽ നിന്നുള്ളതല്ല പിന്നെയോ കേവലം ശബ്ദം മാത്രമാണ്. ഇപ്രകാരമുള്ള ശബ്ദമാണ് ആത്മികശക്തിയുടെ മാനദണ്ഡമെന്നാണ് ചിലർ നിരൂപിക്കുന്നത്. എന്നാൽ ആരും അറിയാതെ രഹസ്യസ്ഥലങ്ങളിൽ ദൈവസന്നിധിയിൽ കാത്തിരുന്ന് ദൈവത്തിന്റെ സകല നിറവിലും തന്നെ അനുഭവിച്ചറിയേണ്ടതിനും ദൈവത്തിന്റെ ശക്തി അനുഭവിക്കേണ്ടതിനും ഹൃദയത്തിൽ ഞരങ്ങിക്കൊണ്ടിരിക്കുകയും, ദൈവത്തിന്റെ വചനത്തെ ആരായുകയും,രാവും പകലും ധ്യാനിക്കുകയും, ദൈവത്തിന്റെ വാഗ്ദാനങ്ങളെ അവകാശം പറയുകയും ചെയ്യുന്നവരുണ്ട്. ദൈവം തന്റെ ആത്മാവിനാൽ മഹത്വകരമായി അവരെ നിറയ്ക്കുമ്പോൾ അവർ അറിയാതെ തന്നെ ദൈവത്തെ സ്തുതിക്കുന്നു. അപ്രകാരമുള്ളവരുടെ സ്തുതി കേവലം അർത്ഥശൂന്യമായ ശബ്ദമല്ല എന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

എന്റെ ഒരു സ്നേഹിതൻ എന്നോട് ഒരിക്കൽ ഇപ്രകാരം പറഞ്ഞു--''ഒരിക്കൽ ഞാൻ ഒരു വ്യാപാരസ്ഥലത്തുചെന്നു. അവിടെ പൈശാചിക ശക്തികൾ ധാരാളമുണ്ട് എന്ന് എന്റെ ഹൃദയത്തിൽ എനിക്ക് ബോദ്ധ്യമായി. ഞാൻ ആത്മാവിൽ വളരെ ഞെരുങ്ങി. എന്നാൽ ഞാൻ അറിയാതെ തന്നെ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. പൈശാചികശക്തികൾ ആ സ്ഥലത്തുനിന്ന് ഓടി ഒളിക്കുന്നതുപോലെ എനിക്ക് അനുഭവമായി.''

യഥാർത്ഥമായി ദൈവത്തെ സ്തുതിക്കുന്ന ഒരു വിശ്വാസിയുടെ മുമ്പിൽ ഒരു ശക്തിക്കും നില്പ്പാൻ കഴിയുന്നതല്ല.

യോശുവയുടെ സൈന്യം ആർപ്പിട്ടപ്പോഴാണു യെരീഹോയുടെ മതിലുകൾ വീണത്. യഹോശാഫാത്തിന്റെ കൂടെയുള്ള ജനം ദൈവത്തെ പാടിസ്തുതിച്ചപ്പോൾ ദൈവം അവരുടെ ശത്രുക്കളെ അവരുടെ മുമ്പിൽ തോല്പിച്ചോടിച്ചു. അതുകൊണ്ട് തങ്ങളുടെ ശരീരങ്ങളിൽ നിന്ന് രക്തം ഒഴുകുന്നവരായി കാരാഗൃഹത്തിന്റെ ഉള്ളറയിൽ കിടന്നുകൊണ്ട് പൗലൊസും ശീലാസും ദൈവത്തെ പാടിസ്തുതിച്ചപ്പോഴാണ് ദൈവം ഭൂകമ്പം അയച്ചു കാരാഗൃഹത്തിന്റെ അടിസ്ഥാനം ഇളക്കി അവരെ വെളിയിൽ കൊണ്ടുവരികയും കാരാഗൃഹപ്രമാണി രക്ഷിക്കപ്പെടുവാൻ ഇടയാക്കുകയും ചെയ്തത്. ദൈവത്തെ പാടിസ്തുതിക്കുന്ന ഒരു വിശ്വാസിയുടെ മുമ്പിൽ നിന്ന് മാറിപ്പോകാത്ത പ്രതികൂലങ്ങളില്ല എന്ന് പറയാം.

ബില്ലിബ്രെ പ്രശ്നങ്ങളുടെ മുമ്പാകെ പ്രാർത്ഥിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ഒരു പൈശാചികശക്തിക്കും തന്റെ സ്വർഗ്ഗസ്ഥപിതാവിന്റെ ഭണ്ഡാരത്തിന്റെ വാതിലുകളെ അടച്ചുകളയുവാൻ സാദ്ധ്യമല്ല എന്ന് അദ്ദേഹം ഉറച്ചുകൊണ്ടാണു സ്തോത്രം ചെയ്തത്. ഡോ. കുള്ളിസ് ഒരു വലിയ ക്ഷയരോഗാശുപത്രിയുടെ ഉടമസ്ഥനായിരുന്നു. തന്റെ ആശുപത്രിയിലുള്ള വലിയ കൂട്ടം രോഗികൾക്ക് ഭക്ഷണം കൊടുക്കാൻ മാർഗ്ഗമില്ലാതെ വന്ന അവസരത്തിൽ അദ്ദേഹം തന്റെ പ്രാർത്ഥനാമുറിയിൽ കയറിച്ചെന്ന് ദൈവവ

ചനം വായിച്ചതിന്റെ ശേഷം ദൈവത്തെ പാടി സ്തുതിക്കാൻ തുടങ്ങി. തന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളും ആവശ്യങ്ങളും ദൈവത്തെ അറിയിച്ചതിന്റെശേഷം ദൈവം തന്റെ അപേക്ഷകൾക്ക് മറുപടി നൽകും എന്ന് ദൈവത്തെ വിശ്വസിച്ച് സ്തോത്രം ചെയ്യുന്ന വിശ്വാസിയ്ക്കു ജയം നിശ്ചയമാണ്. വിശ്വാസം പൂർണ്ണതയിലേക്ക് വരുന്നത് സ്തോത്രം ചെയ്യുന്നതിലൂടെയാണ്. ഒരു പാപി തന്റെ പാപങ്ങളെക്കുറിച്ച് യഥാർത്ഥമായി അനുതപിക്കുകയും തന്നെതന്നെ ദൈവത്തിനുവേണ്ടി പ്രതിഷ്ഠിക്കുകയും രക്ഷയ്ക്കുവേണ്ടി യേശുക്രിസ്തുവിൽ ആശ്രയിക്കുകയും വിശ്വാസത്താൽ നീതീകരണത്തെ അവകാശം പറയുകയും ചെയ്യുമ്പോൾ അവനിൽ നിന്ന് ഒന്നാമതായി പുറപ്പെടേണ്ടത് സ്തോത്രത്തിന്റെ ശബ്ദമാണ്. എന്നാൽ രക്ഷിക്കപ്പെട്ടു എന്ന സാക്ഷ്യം പറയുന്ന പലരിൽനിന്നും സ്തോത്രത്തിന്റെ ശബ്ദം പുറപ്പെടാതിരിക്കുന്നത് കണ്ടിട്ടുണ്ട്. അവർ യഥാർത്ഥത്തിൽ രക്ഷയുടെ അനുഭവത്തിൽ വരാത്തവരോ അല്ലെങ്കിൽ വിശ്വാസത്തിൽ ബലഹീനരോ ആയിരിക്കുന്നതിനാലാണ് സ്തോത്രം ചെയ്യാൻ കഴിയാതെയിരിക്കുന്നത്.

നീതീകരിക്കപ്പെട്ടശേഷം ദൈവത്തിന്റെ വിശുദ്ധിയുടെ ദർശനത്തിന്റെ മുമ്പിൽ വിശ്വാസി തന്റെ അശുദ്ധിയും, തോൽവികളും, ജഡസ്വഭാവവും മനസ്സിലാക്കുന്നു. തന്റെ സ്വന്തശ്രമംകൊണ്ട് ഇവയുടെ മേൽ ജയംനേടാൻ സാദ്ധ്യമല്ല എന്ന് അവൻ മനസ്സിലാക്കുന്നു. ഒടുവിൽ അവൻ യേശുക്രിസ്തുവിന്റെ രക്തത്താലും പരിശുദ്ധാത്മാവിന്റെ അഭിഷേകത്താലും വിശുദ്ധീകരണത്തിന്റെ അനുഭവം ലഭിക്കേണ്ടതിന് ദൈവത്തിന്റെ അടുക്കൽ വരുന്നു.

ഇപ്രകാരം നീതികരണവും വിശുദ്ധീകരണവും പ്രാപിച്ച വിശ്വാസി നഷ്ടപ്പെട്ടുപോകുന്ന ലോകത്തിനുവേണ്ടി വാഴ്ചകളോടും അധികാരങ്ങളോടും അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനകളോടുമുള്ള യുദ്ധത്തിനായി ഇറങ്ങിപ്പുറപ്പെടുന്നു. പാപത്തിനും നരകത്തിനും അടിമകളായിരിക്കുന്നവരെ വിടുവിക്കേണ്ടതിന് അവൻ ദൈവസന്നിധിയിൽ വീണുകിടന്നു കരയുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അവൻ പ്രസംഗിക്കുകയും, ഉപദേശിക്കുകയും, പ്രബോധിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിനായി തങ്ങളെ പൂർണ്ണമായി പ്രതിഷ്ഠിക്കുവാൻ അവൻ ജനത്തെ ആഹ്വാനം ചെയ്യുന്നു. ഇപ്രകാരം ഉപവാസത്തോടും പ്രാർത്ഥനയോടും അവൻ ഏകാഗ്രതയിൽ പ്രവർത്തിക്കുമ്പോൾ അവന്റെ പ്രാർത്ഥന സ്തോത്രമായി രൂപാന്തരപ്പെടുന്നു. അവന്റെ കരച്ചിലിന്റെ ശബ്ദത്തിനുപകരം ആർപ്പുവിളിയുടെ ശബ്ദമാണ് ഇപ്പോൾ കേൾക്കുന്നത്. തോൽവി വിജയമായിത്തീരുന്നു. അതിനാൽ സ്തോത്രത്തിന്റെ ശബ്ദം കേൾക്കുന്നില്ലെങ്കിൽ വിശ്വാസവും സഹിഷ്ണുതയും ബലഹീനമായിത്തീർന്നിരിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. കർത്താവേ ശത്രുവിന്റെ പോരാട്ടത്തിന്റെ മുമ്പിൽ ചുളുങ്ങിപ്പോകാത്തതും പ്രതികൂലങ്ങളുടെ മുമ്പിൽ കുലുങ്ങിപ്പോകാത്തതുമായ വിശ്വാസം എനിക്ക് തരേണമേ. ബലമേറിയതായ വിശ്വാസം വാഗ്ദാനങ്ങളുടെ മേൽ മാത്രം ദൃഷ്ടികൾ ഉറപ്പിച്ചുകൊണ്ട് അസാദ്ധ്യമെന്നു തോന്നുന്ന കാര്യങ്ങളെ നോക്കി പരി

ഹസിക്കുകയും സകലവും സാദ്ധ്യം എന്നു ആർത്തുവിളിക്കുകയും ചെയ്യുന്നു.

ഹൃദയത്തിൽ നിന്നുള്ള ഒരു തിരത്തള്ളൽ ഉണ്ടാകുമ്പോൾ മാത്രമേ സ്തോത്രം ചെയ്‌വാൻ പാടുള്ളൂ എന്ന് ചിലർ ചിന്തിക്കാറുണ്ട്. "അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതയ്ക്ക് തുണ നില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു (റോമ:8:26). പ്രാർത്ഥിക്കുന്നതിനുള്ള പ്രേരണ ഹൃദയത്തിൽ ഉണ്ടാകുന്നതുവരെ പ്രാർത്ഥിക്കുന്നതിനായി കാത്തിരിക്കുന്ന ഒരാൾ പ്രാർത്ഥിക്കുകയില്ല. "പ്രാർത്ഥന ഒരു പോരാട്ടമാണ്" എന്നാണു ജോൺ ഫ്ളെച്ചർ എഴുതിയിരിക്കുന്നത്. പ്രാർത്ഥിക്കുന്നതിനു നമ്മുടെ ഹൃദയത്തിലുള്ള ആഗ്രഹത്തെ ഉണർത്തി നാം പ്രാർത്ഥിക്കേണ്ടതാണ്.

ഹബക്കൂക്ക് പറയുന്നതെന്ത്? "എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും. എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും'. നാം ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങുമ്പോൾ ദൈവത്തെ സ്തുതിക്കുന്നതിനുള്ള അനേക കാരണങ്ങൾ നമ്മുടെ ഓർമ്മയിൽ വരും. ദാനിയേൽ ദിവസത്തിൽ മൂന്നുപ്രാവശ്യം വീണു പ്രാർത്ഥിച്ചു എന്നു മാത്രമല്ല, ഏറ്റവും പ്രയാസവും പ്രതികൂലവും നിറഞ്ഞ സാഹചര്യത്തിൽ അവൻ ദൈവത്തെ സ്തുതിച്ചു എന്നു നാം അറിയുന്നു. ദാവീദ് ദിവസം ഏഴുപ്രാവശ്യം ദൈവത്തെ സ്തുതിച്ചു. 'യഹോവയ്ക്ക് സ്തോത്രം ചെയ്‌വിൻ' എന്ന് ദാവീദ് അനേക പ്രാവശ്യം എഴുതിയിട്ടുണ്ട്. യഥാർത്ഥമായ ആത്മിക സന്തോഷം അനുഭവമാകാത്തതിന്റെ കാരണം വിശ്വാസികൾ ദൈവത്തെ സ്തുതിക്കാത്തതാണ്. ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾക്കു വേണ്ടി നാം അവനെ സ്തുതിക്കും. സ്തുതിക്ക് അവൻ യോഗ്യനാകയാൽ നാം അവനെ സ്തുതിക്കും. സ്തുതിക്കുന്നത് നമ്മുടെ ഹൃദയത്തിൽ പ്രേരണ ഉണ്ടാകുമ്പോൾ മാത്രമല്ല പോരാട്ടത്തിന്റെ നടുവിലും അവനെ സ്തുതിക്കാം. അപ്പോൾ നമ്മുടെ ഹൃദയം സന്തോഷം കൊണ്ട് നിറയും. നമ്മുടെ സന്തോഷത്തെ ആർക്കും എടുത്തുകളയുവാൻ സാദ്ധ്യമല്ല.

ഏറ്റവും കഠിനമായ പരീക്ഷകളുടെയും അന്ധകാരത്തിന്റെയും നടുവിൽ അനേകരും ശ്രദ്ധയോടും ഭാരത്തോടും കൂടെ പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ പ്രാർത്ഥിച്ചതിന്റെ ശേഷം വീണ്ടും ഭാരപ്പെടുകയും നിരാശപ്പെടുകയുമാണു ചെയ്യുന്നത്. പ്രാർത്ഥിച്ചതിന്റെ ശേഷം അവർ തങ്ങളുടെ ഹൃദയം നിറഞ്ഞു ദൈവത്തിന് സ്തോത്രം ചെയ്തിരുന്നെങ്കിൽ നരകത്തിന്റെ ശക്തികൾ ഇളകിപ്പോകയും തങ്ങളുടെ ജയത്തിന്റെ ശബ്ദത്താൽ ദൈവദൂതന്മാരുടെ മദ്ധ്യേ ആർപ്പുവിളി ഉണ്ടാകുകയും ചെയ്യുമായിരുന്നു. അനേക പ്രാർത്ഥനായോഗങ്ങളും ഫലശൂന്യമായിത്തീരുന്നത് സ്തോത്രം ചെയ്യാത്തതിനാലാണ്. പാട്ടുകളുണ്ട്. പ്രസംഗങ്ങൾക്കും സാക്ഷ്യങ്ങൾക്കും കുറവില്ല. അപേക്ഷകളും അഭയയാചനകളും ഉണ്ട്. എന്നാൽ വിജയത്തിലേക്ക് നടത്തുന്ന സ്തോത്രത്തിന്റെ ശബ്ദം ഇല്ല. സ്തോത്രത്തിന്റെ ശക്തിയും രഹസ്യവും നാം മനസ്സിലാക്കേണ്ടതുണ്ട്.

(തുടരും) ❖

ധ്യാനചിന്തകൾ

# ഭ്രോഷൻ

യുവ ലോകം ഒരു പന്തിലേക്കു ചുരുങ്ങിയതുപോലെ. ഇന്നിപ്പോൾ കാൽപ്പന്തുകളിയുടെ ജ്വരകാലം. ഊണും ഉറക്കവും ഉപേക്ഷിച്ച് എല്ലാവരും ഒരു പന്തിനു പിന്നാലെ കൂടിയിരിക്കുന്നു.

'ഛായ്, ഇത്രയുംപേരും കൂടെ ഒരു പന്തിന്റെ പിന്നാലെ പോകുകയോ? ലജ്ജാവഹം! ആരവിടെ? ഓരോരുത്തർക്കും ഓരോ പന്തുവീതം നൽകൂ' എന്നു പറഞ്ഞ, കഥയിലെ രാജാവിനു കളി അറിയില്ലായിരിക്കാം. എന്നാൽ അദ്ദേഹത്തിനു സന്തോഷകരമായ ഒരു ജീവിതത്തിനുവേണ്ട മനോഭാവം എന്തെന്നറിയാം. എല്ലാവരുടെയും ലക്ഷ്യം ഒരേയൊരു പന്താണെങ്കിൽ ഏതു ഹീന മാർഗവും ഉപയോഗിച്ച് അതു തട്ടിയെടുക്കാനുള്ള ശ്രമമായി, മൽസരമായി. പകരം ഓരോരുത്തർക്കും ഓരോ പന്തായാൽ ജീവിതത്തിൽ അനാവശ്യമായ മൽസരമില്ല. ഫൗളില്ല, പരുക്കില്ല. അവസാനം ലോങ് വിസിൽ മുഴങ്ങുമ്പോൾ കളിക്കളത്തിൽ എല്ലാവരും ജയിച്ചു!

ലോങ് വിസിൽ. അതു പ്രധാനമാണ്. ഏതുകളിയും അവസാനിക്കും. എന്നാൽ എല്ലാകളിക്കും ഒരവസാനമുണ്ടെന്ന് ഉദ്വേഗജനകമായ കളി ഹരം പിടിച്ചു കണ്ടു കൊണ്ടിരിക്കുമ്പോൾ നാം ഓർക്കുകയില്ല എന്നതാണു നിർഭാഗ്യകരം. പന്തുകളി മാത്രമല്ല, വിഡ്ഢിപ്പെട്ടിയിൽ എന്തെല്ലാം നിസ്സാരമായ കാര്യങ്ങളാണ് ജീവന്മരണപ്രശ്നങ്ങളായി അവതരിപ്പിക്കപ്പെടുന്നതും ചർച്ച ചെയ്യപ്പെടുന്നതും! ഷേക്സ്പിയറിന്റെ ഒരു പ്രയോഗം കടമെടുത്തു പറഞ്ഞാൽ 'ഒന്നുമില്ലാത്തതിനു വേണ്ടി ഒട്ടേറെ ആരവം'! ഇതിനിടയിൽ ഗൗരവമുള്ള പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കാൻ നേരമില്ലെങ്കിൽ ഒടുവിൽ ജീവിതത്തിനു ലോങ് വിസിൽ മുഴങ്ങുമ്പോൾ നാം വിഡ്ഢിയാക്കപ്പെട്ടേക്കാം.

ഇക്കാര്യം രസകരമായി അവതരിപ്പിക്കുന്ന ഒരു വിദൂഷകന്റെയും രാജാവിന്റെയും കഥ ഇങ്ങനെ:

"നിന്നെപ്പോലെ ഒരു വിഡ്ഢിയെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അതുകൊണ്ട് ഈ സ്വർണ്ണം കെട്ടിയ വടി നിനക്കിരിക്കട്ടെ" - രാജാവ് വിദൂഷകനോട് അങ്ങനെ പറഞ്ഞപ്പോൾ രാജസദസ്സ് ആർത്തുചിരിച്ചു. കൊട്ടാര വിദൂഷകനും താൻ ഒരു വിഡ്ഢിയാണെന്ന് അംഗീകരിച്ച ഭാവത്തോടെ ചിരിച്ചുകൊണ്ടു ചെന്നു രാജാവിന്റെ കയ്യിൽ നിന്ന് ആ സ്വർണ്ണം കെട്ടിയ വടി ഏറ്റുവാങ്ങി. സ്വർണ്ണ വടി നൽകുമ്പോൾ രാജാവ് ഒരു കാര്യം കൂടി പറഞ്ഞു. ''എന്നെങ്കിലും നിന്നെക്കാൾ വിഡ്ഢിയായ ഒരാളെ കണ്ടെത്തിയാൽ ഈ വടി അയാൾക്കു കൊടുത്തേക്കണം'' വിദൂഷകൻ അതു സമ്മതിച്ചു.

നാളുകൾ കടന്നുപോയി വിദൂഷകൻ രാജസദസ്സിൽ നിന്നും വിരമിച്ചു. ഇപ്പോൾ കൊട്ടാരത്തിനടുത്തു തന്നെ സ്വസ്ഥമായി അദ്ദേഹം ജീവിക്കുകയാണ്. അപ്പോഴും എവിടെ പോയാലും സ്വർണ്ണം കെട്ടിയ വടി കയ്യിലെടുക്കും. അങ്ങനെയിരിക്കെ ഒരു ദിവസം രാജാവിനു തീരെ സുഖമില്ലെന്നു കേട്ടപ്പോൾ അദ്ദേഹത്തെ കാണാനായി വിദൂഷകൻ കൊട്ടാരത്തിലേക്കു ചെന്നു. രാജാവ് വളരെ വിഷാദമഗ്നനായി കിടക്കയിൽ തന്നെയാണ്. വിദൂഷകൻ ചോദിച്ചു: 'തിരുമേനി, വേണ്ടത്ര പണവും പ്രതാപവും കഴിവും മറ്റു സൗകര്യങ്ങളും എല്ലാം ഉണ്ടായിട്ടും അങ്ങെന്താണ് ഇത്രയും നിരാശനായി കാണപ്പെടുന്നത്? എന്താണ് അങ്ങേയ്ക്ക് ഒരു കുറവ്?'

രാജാവു പറഞ്ഞു: 'എനിക്ക് ഒന്നിനും ഒരു കുറവും ഉണ്ടായിരുന്നില്ല, എന്നാൽ എനിക്കിപ്പോൾ പ്രായമായി, രോഗിയായി, മരണവും അടുത്തെത്തി. വിദൂഷകൻ പറഞ്ഞതുപോലെ പണവും പ്രതാപവും കഴിവും മറ്റു സൗകര്യങ്ങളും എല്ലാം എനിക്കുണ്ടായിരുന്നു. എന്നാൽ മരണാനന്തര ജീവിതമുണ്ടെന്നു ചിന്തിക്കാനോ അതിനായി ഒരുങ്ങാനോ എനിക്കു കഴിഞ്ഞില്ല. ഞാൻ ആ കാര്യം പരിഗണിച്ചതേയില്ല. ഇതാണ് ഇപ്പോൾ എന്റെ ദുഃഖത്തിനും നിരാശയ്ക്കും കാരണം'.

വിദൂഷകൻ ഒരു നിമിഷം മൗനംപാലിച്ചു. പിന്നെ അദ്ദേഹം പറഞ്ഞു: 'രാജാവേ, മരണാനന്തരം ജീവിതം ഉണ്ടെന്നറിഞ്ഞിട്ടും അതിനായി ഒരുങ്ങാൻ വേണ്ടത്ര സമയം ഉണ്ടായിട്ടും, അങ്ങനെ ചെയ്യാതിരുന്ന അങ്ങാണ് ഏറ്റവും വലിയ വിഡ്ഢി. അതുകൊണ്ട് ഈ സ്വർണ വടി ഇതാ ഞാൻ അങ്ങയെ തിരിച്ചേൽപ്പിക്കുന്നു'. സ്വർണവടി രാജാവിനെ തിരിച്ചേൽപ്പിച്ചശേഷം വിദൂഷകൻ സാവധാനം നടന്നകന്നു.

ഇതു വെറും കഥയാണ്. എന്നാൽ ഇതൊരു സത്യത്തിലേക്കാണു വിരൽചൂണ്ടുന്നത്. ഓർക്കാപ്പുറത്തു ലോങ് വിസിൽ മുഴങ്ങിയേക്കാം. ഒരുങ്ങിയിട്ടില്ലെങ്കിൽ അപ്പോൾ നാം യഥാർത്ഥത്തിൽ വിഡ്ഢിയാക്കപ്പെടും.

വിഡ്ഢി - ദൈവം ആരെയെങ്കിലും അങ്ങനെ വിളിക്കുന്നതായി നമുക്കു സങ്കൽപ്പിക്കാൻ കഴിയുമോ? എന്നാൽ ദൈവം തന്നെ, ഒരുവനെ മൂഢൻ എന്നു വിളിച്ചതായി യേശു പറഞ്ഞ ഒരു സാരോപദേശ കഥയിൽ നമുക്കു കാണാൻ കഴിയും. ആ കഥ ഇങ്ങനെയാണ്: ഒരു ധനികന്റെ നിലം നന്നായി വിളഞ്ഞു. അപ്പോൾ അവൻ ചിന്തിച്ചു: ഞാൻ എന്താണു ചെയ്യുക? എന്റെ വിളവു കൂട്ടി വയ്ക്കാൻ സ്ഥലം പോരാ. പിന്നെ അവൻ തന്നോടു തന്നെ ഇങ്ങനെ പറഞ്ഞു: 'ഞാൻ എന്റെ കളപ്പുരകളെ പൊളിച്ചു കൂടുതൽ വലിയവ പണിയും. എന്നിട്ട് എന്റെ വിളവും സമ്പാദ്യവും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ടു ഞാൻ എന്നോടു തന്നെ പറയും. നിനക്ക് ഒട്ടേറെ വർഷങ്ങളിലേക്കു വേണ്ടത് ഇതാ സമ്പാദിച്ചു വച്ചിരിക്കുന്നു. നീ ഇന്നു മുതൽ ചെയ്യേണ്ടത് ഒന്നു മാത്രം - തിന്നുക, കുടിക്ക, ആനന്ദിക്ക'.

അവൻ പറഞ്ഞതു ദൈവം കേട്ടു. ദൈവം അവനോടു ഇങ്ങനെയാണു മറുപടിയായി പറഞ്ഞത്. 'മൂഢാ ഇന്നു രാത്രിയിൽ ഞാൻ നിന്റെ ജീവനെ നിന്നോടു ചോദിച്ചാൽ നീ

*(ശേഷം പേജ് 30 ൽ)*

തിരുവെഴുത്തുകളെ പരിശോധിക്കുക



*ബൈബിളിലൂടെ........*

**എബ്രായലേഖനം**

# യേശുവിനും കൃപ ആവശ്യമായിരുന്നു

**പല** ബൈബിൾ സെമിനാരികളും ബൈബിൾ പഠിപ്പിക്കുന്നതിനെ അവഗണിക്കുന്നു. അതിനു പകരം ബൈബിൾ സംബന്ധമായ വിഷയങ്ങളെക്കുറിച്ച് വ്യക്തികൾ കല്പിച്ച് രചിച്ച സിദ്ധാന്തങ്ങളോ ഉപന്യാസങ്ങളോ പഠിപ്പിക്കയും പഠിക്കയും ഒക്കെ ചെയ്യുന്നു. ദൈവം വളരെ മനോഹരമായ രക്ഷ നമുക്കുവേണ്ടി ഒരുക്കി. പക്ഷേ ക്രിസ്ത്യാനികൾ അതിനെ അവഗണിക്കുന്നു. അവർ അതുകൊണ്ടുതന്നെ പരാജിതരായി ജീവിക്കുന്നു. അവർ പാപത്തിന്റെ ശിക്ഷയിൽ നിന്നും (നരകാഗ്നി)



*ബൈബിൾ പഠിപ്പിക്കുന്നതിനു പകരം ബൈബിൾ സംബന്ധമായ വിഷയങ്ങളെക്കുറിച്ച് വ്യക്തികൾ രചിച്ച സിദ്ധാന്തങ്ങളാണ് ഇന്ന് പലയിടത്തും പഠിപ്പിക്കുന്നത്.*

രക്ഷിക്കപ്പെട്ടു. പക്ഷേ പാപത്തിന്റെ ശക്തിയിൽ നിന്നും രക്ഷിക്കപ്പെട്ടില്ല. ആ രക്ഷയെ അവഗണിച്ചു.

തുടർന്ന് ക്രിസ്തുവിന്റെ മനുഷ്യ ത്വത്തെക്കുറിച്ച് ലേഖനകർത്താവ് ഇപ്രകാരം തുടരുന്നു. സങ്കീ: 8:4 ഉദ്ധ രിച്ചുകൊണ്ട് 2:6 – ൽ ഇങ്ങനെ പറ യുന്നു: “മനുഷ്യനെ നീ ഓർക്കേണ്ട തിന്ന് അവൻ എന്ത്? മർത്ത്യ പുത്ര നെക്കുറിച്ചു ചിന്തിക്കേണ്ടതിന്ന് അവൻ എന്തുമാത്രം? നീ അവനെ ദൂതന്മാരെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അവഗണിച്ചിരിക്കുന്നു. സകലവും അവന്നു കാൽകീഴി ലാക്കി കൊടുത്തിരിക്കുന്നു” എന്നാൽ നാം ശ്രദ്ധിച്ചാൽ എല്ലാം മനുഷ്യന്റെ കാൽകീഴിൽ വന്നിട്ടില്ല എന്നു നമുക്കു കാണുവാൻ കഴിയും. ഒരു രാജാവാകേണ്ടിയിരുന്ന മനു ഷ്യൻ ഇന്ന് ഒരു അടിമ മാത്രമാണ്. മനുഷ്യരുടെ ലോകത്തെ വാഴുന്നത് പിശാചാണ്. എന്നാൽ യേശുവിന്റെ മനുഷ്യത്വത്തിൽ മേൽപ്പറഞ്ഞ വാക്യം നിറവേറിയതായി നാം കാണുന്നു. എല്ലാം അവനു കാൽക്കീഴായിത്തീർന്നിരുന്നു. യേശു അല്പസമയത്തേക്കു ദൂതന്മാരെ ക്കാൾ അല്പം താഴ്ത്തപ്പെട്ടിരുന്നു. എന്നാൽ ഇന്ന് സകലവും കാൽക്കീ ഴാക്കി മഹത്വവും മാനവും അണി ഞ്ഞവനായി അവിടുത്തെ നാം കാണുന്നു. യേശു നമ്മുടെ മൂത്ത സഹോദരൻ ആയിരിക്കുന്നതിനാൽ നമ്മെ ഏവരെയും ഇതേ സ്ഥാന ത്തേക്കാണ് പിതാവ് ലക്ഷ്യം വച്ചി രിക്കുന്നതെന്നു വ്യക്തമാണ്. ആദ്യ ജാതനു ദൈവം ചെയ്തതൊക്കെ ഇളയ മക്കൾക്കും അവിടുന്നു നൽകും. നിങ്ങൾ യേശുവിന്റെ ഒരു സഹോദരനോ സഹോദരിയോ എങ്കിൽ യേശുവിനു നൽകിയ തെല്ലാം മുഖപക്ഷമില്ലാത്തവനായ നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവ് നിങ്ങൾക്കും നൽകും. ഇതാണ് സുവിശേഷത്തിലെ സന്തോഷ വാർത്ത.

സങ്കീർത്തനം 8-ൽ കാണുന്ന ഈ വാക്യം പ്രാഥമികമായി യേശു വിനെ സംബന്ധിച്ചുള്ളതാണ്. മരണം അനുഭവിക്കേണ്ടിവന്നതു കൊണ്ട് ദൂതന്മാരെക്കാൾ അല്പം താഴ്ചയുണ്ടായി എന്നു മാത്രം. ദൂത ന്മാർക്കു മരണമില്ല. യേശു മരണ ത്തിലൂടെ കടന്നുപോകേണ്ടിവന്നു. ഇതു ദൂതന്മാരെക്കാൾ അല്പം താഴ്ചയുണ്ടാക്കി. സൃഷ്ടിച്ചപ്പോൾ ആദാമിനും മരണമുണ്ടായിരുന്നില്ല. അവനും ദൂതന്മാരെക്കാൾ ഒട്ടും താഴെയായിരുന്നില്ല. എന്നാൽ വിലക്കപ്പെട്ട കനി ഭക്ഷിച്ചതു മുതൽ ആദാം ദൂതന്മാരെക്കാൾ താഴ്ന്ന നില യിലാവുകയും മരണത്തിനു വിധേ യപ്പെടുകയും ചെയ്തു. ഇന്ന്, യേശു മരണത്തെ കീഴ്പ്പെടുത്തി ദൂതന്മാരെ ക്കാൾ ഉയർന്ന സ്ഥാനത്തെത്തി- എല്ലാം തന്റെ കാൽക്കീഴിലാക്കി. നാം യേശുക്രിസ്തുവുമായുള്ള ബന്ധത്തിലായിത്തീരുമ്പോൾ-മ രണം അനുഭവിക്കേണ്ടതുകൊണ്ടു നാം ഇപ്പോൾ ദൂതന്മാരെക്കാൾ താഴെയാണെങ്കിലും-പുനരുത്ഥാന ത്തിൽ നാം അവരെക്കാൾ ഉന്നത മായ പദവിയിലെത്തും.

ദൈവ കൃപയാൽ എല്ലാവർക്കും വേണ്ടി യേശു മരണം ആസ്വദിച്ചു (2:9) ക്രൂശിലൂടെയും മരണത്തിലൂ ടെയും കടന്നു പോകുവാൻ യേശു വിനും പിതാവിന്റെ കൃപ ആവശ്യ മായിരുന്നു. നമുക്കും ജയാളികളായി ജീവിക്കുവാൻ അവസാനംവരെയും ദൈവഹിതം നിറവേറ്റുവാൻ, കൃപ

ആവശ്യമാണ് എന്നു നമുക്കറിയാം. എന്നാൽ യേശുവിന് അത് ആവശ്യമായിരുന്നുവോ? ആവശ്യമായിരുന്നു. “ദൈവകൃപ അവന്റെമേൽ ഉണ്ടായിരുന്നു'' (ലൂക്കോ. 2.40) എന്ന് ബൈബിൾ പറയുന്ന ആദ്യ വ്യക്തി തന്നെ യേശുവാണ് എന്നത് ഇവിടെ പ്രസ്തവ്യമായ വസ്തുതയാണ്. അടുത്തതായി ഈ പ്രയോഗം നാം കാണുന്നത് അപ്പൊസ്തൊലപ്രവൃത്തികൾ 4-ാം അദ്ധ്യായത്തിൽ യേശുവിന്റെ ശിഷ്യന്മാരുടെ മേൽ ദൈവ കൃപയുണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്താണ്. ദൈവകൃപ ആരുടെയെങ്കിലും മേൽ ഉണ്ട് എന്നു പറയുന്നതിന്നർത്ഥം അവൻ ദൈവകൃപയ്ക്കു കീഴിലാണ് എന്നാണ്. അങ്ങനെ നാം ദൈവകൃപയുടെ അധീനതയിൽ ആയിരിക്കുമ്പോൾ മാത്രമേ നമുക്കു പാപത്തെ ജയിക്കാൻ കഴിയൂ (റോമ. 6:14). കൃപ വന്നത് യേശുക്രിസ്തുവിലൂടെയാണ് (യോഹ. 1:17). കൃപയുടെ അധീനതയിൽ ജീവിച്ചു പാപം ചെയ്യാതിരുന്ന ആദ്യ വ്യക്തി യേശുക്രിസ്തു ആണ്. അതുകൊണ്ട് കൃപയുടെ അർത്ഥം ചിലർ പറയുന്നതുപോലെ “അർഹതയില്ലാത്തിടത്ത് സൗജന്യമായി ദൈവം പകരുന്ന നന്മകൾ” എന്നായിരിക്കുവാൻ ഇടയില്ല. കാരണം യേശുവിന് അർഹതയില്ലാത്ത സൗജന്യങ്ങളൊന്നുമായിരുന്നില്ല ലഭിച്ചത്. തനിക്കു ദൈവം നൽകിയ നന്മകൾ പ്രാപിക്കുവാൻ താൻ യോഗ്യത കണ്ടെത്തി. കൃപ എന്നതു ദൈവത്തിന്റെ സഹായവും ശക്തിയുമാണ്. ഒരു മനുഷ്യനെന്ന നിലയിൽ യേശുവിന് അത് ആവശ്യമായിരുന്നു. അപ്രകാരം തന്നെ നമുക്കും.

പരിശുദ്ധാത്മാവ് ഇവിടെ കാട്ടിത്തരുന്നത് ഒരു മനുഷ്യനെന്ന നിലയിൽ യേശുവിനു ദൈവകൃപ ആവശ്യമായിരുന്നു. കാരണം തന്നിൽ പാപമൊന്നും ഇല്ലായിരുന്നു എങ്കിൽ തന്നെയും നമ്മെപ്പേലെ അവിടുന്നും ജഡത്തിലാണു വന്നത്. നമ്മെ തേജസ്സിലേക്കു നയിക്കുവാൻ നമ്മുടെ നായകനായ യേശുവിനെ ദൈവത്തിന് കഷ്ടാനുഭവങ്ങളിലൂടെ നടത്തി തികവുള്ളവനാക്കുന്നത് ആവശ്യമായിരുന്നു (2:10). നാമും അപ്രകാരം കഷ്ടാനുഭവങ്ങളിലൂടെ തികവു പ്രാപിക്കേണ്ടിയിരിക്കുന്നു.

തികവ് അല്ലെങ്കിൽ പൂർണ്ണത എന്നാൽ എന്താണ്? ഈ പ്രയോഗം എബ്രായ ലേഖനത്തിൽ പല തവണ ആവർത്തിക്കുന്നതു കൊണ്ട് ഇതിന്റെ അർത്ഥം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവത്തിലുള്ള പൂർണ്ണത എന്ന അർത്ഥത്തിലല്ല ആ പ്രയോഗം. ഒഴിഞ്ഞ ഒരു പാത്രത്തിൽ വെള്ളം നിറയ്ക്കുന്നതു പോലെയാണ്. നിറഞ്ഞു കഴിയുമ്പോൾ നമുക്കു പറയാൻ കഴിയും അതാ അതു നിറഞ്ഞിരിക്കുന്നു. ആദ്യം അതിൽ മലിന ജലം ആയിരുന്നു. അതു മാറ്റി ശുദ്ധജലം ഇപ്പോൾ നിറച്ചിരിക്കുന്നു എന്ന അർത്ഥത്തിലല്ല. യേശുവിൽ ഒരിക്കലും മലിനമായതൊന്നും (പാപം) ഉണ്ടായിരുന്നില്ല. യേശു സ്വയം ഒഴിച്ചു എന്നു പറയുന്നത് ദൈവം എന്ന നിലയിലുള്ള തന്റെ അവകാശങ്ങളെയും പദവികളെയുമാണ്. അവയെ താൻ ഒരു മനുഷ്യരൂപമെടുത്ത് ഭൂമിയിലേക്കു വന്നപ്പോൾ തന്നിൽ നിന്നും ഒഴിച്ചു (ഫിലി. 2:5). താൻ സ്വർഗ്ഗത്തിലായിരുന്നപ്പോൾ ആരെയും അനു

സരിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരു വ്യക്തി, ഒരു സാധാരണ മനുഷ്യൻ തന്റെ അപൂർണ്ണരായ മാതാപിതാക്കളെ അനുസരിച്ചു വളരുന്നതിലെ അനുഭവങ്ങൾ എങ്ങനെ മനസ്സിലാക്കുവാനാണ്? വിയർപ്പോടെ അദ്ധ്വാനിച്ച് ഉപജീവനം കഴിക്കുന്നതിന്റെ ബുദ്ധിമുട്ട് എങ്ങനെ ഗ്രഹിക്കും? നമ്മെപ്പോലെ ഒരു മനുഷ്യനായിത്തീർന്നു എങ്കിൽ മാത്രമേ അതിനു കഴിയൂ.

നമ്മുടെ രക്ഷാ നായകനായിത്തീരേണ്ടതിന്ന് അവിടുന്ന് എല്ലാറ്റിലും നമ്മെപ്പോലെയായി. യേശു ഭൂമിയിലെ മാതാപിതാക്കൾക്കു കീഴടങ്ങി ജീവിച്ചു. കുട്ടിയായിരുന്നപ്പോൾ യേശു അമ്മയെ അടുക്കളയിലേക്ക് വെള്ളവും മറ്റും കൊണ്ടു വരുന്നതിനും ഒക്കെ സഹായിച്ചിരിക്കണം. മറിയ പറഞ്ഞതൊക്കെ മകനെന്ന നിലയിൽ അനുസരിക്കുകയും ചെയ്തിരുന്നു. ഒരു മരപ്പണിക്കാരന്റെ ജോലികൾ ചെയ്യുകയും അതിന്റെ ക്ഷീണം അനുഭവിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യജീവിതത്തിന്റെ ഭാരങ്ങളും പ്രയാസങ്ങളുമൊക്കെ കുറേശ്ശെയായി അവിടുന്നറിഞ്ഞു. അങ്ങനെ ഒരു മനുഷ്യനെന്ന നിലയിലുള്ള തന്റെ അനുഭവങ്ങളുടെ പാത്രം ക്രമേണ നിറഞ്ഞ് താൻ തികെവുള്ളവനായി – ഒരു മനുഷ്യനെന്ന നിലയിൽ. നമ്മുടെ ഭൂമിയിലെ ജീവിതം കഷ്ടാനുഭവങ്ങളുടേതാണ്. ആ കഷ്ടങ്ങളുടെ വഴി താൻ സ്വീകരിക്കുകയും നാം നടക്കുന്ന അതേ വഴികളിലൂടെ അവിടുന്നു നടക്കുകയും ചെയ്തു. ഇന്ന് വിശുദ്ധീകരിക്കപ്പെടുന്നവരും വിശുദ്ധീകരിക്കുന്നവനും എല്ലാം ഒരേ

**നിങ്ങൾ ദൈ വത്തെ അനുസരിച്ചു ജീവിക്കുന്ന ഒരു ദൈവപൈതലെങ്കിൽ കർത്താവു വാതിൽ തുറക്കാതെ നിങ്ങൾക്കു മരണത്തിലേക്കു പ്രവേശിക്കുവാൻ കഴികയില്ല. ആ വെളിപ്പാടിനായി ഞാൻ കർത്താവിനെ സ്തുതിക്കുന്നു. ഒരു അപകടത്തിനോ, രോഗത്തിനോ, മതമൗലിക വാദികൾക്കോ ഒന്നും എന്നെ കൊല്ലാൻ കഴികയില്ല - എപ്പോൾ വരെ യേശു മരണത്തിന്റെ വാതിൽ തുറക്കുന്നില്ല, അപ്പോൾ വരെ. ഈ സത്യം ഗ്രഹിച്ചാൽ ഇതു നമുക്കു വലിയ വിശ്വാസം നൽകും. യേശു മരണത്തെ കീഴടക്കുകയും മരണത്തിന്റെ താക്കോൽ തന്റെ മാത്രം കൈവശമാക്കുകയും ചെയ്തു.**

പിതാവിൽ നിന്നും ആയിരിക്കുന്നു. നമ്മെ വിശുദ്ധീകരിക്കുന്നതു യേശുവാണ്. വിശുദ്ധീകരിക്കപ്പെടുന്നവർ നാമാണ്. യേശുവിന്റെ പിതാവ് നമ്മുടെയും പിതാവായിത്തീർന്നിരിക്കുന്നു. യേശു നമ്മെ സഹോദരന്മാർ എന്നു വിളിക്കുന്നു. യേശു നമ്മെ സഹോദരന്മാർ എന്നു വിളിക്കുന്നതിൽ അവിടുന്നു ലജ്ജിക്കുന്നില്ല. ഞാൻ യേശുവിന്റെ മകനല്ല. ദൈവത്തിന്റെ മകനും യേശുവിന്റെ സഹോദരനുമാണ്. പലപ്പോഴും യേശുവിന്റെ സഹോദരന്മാരായി തങ്ങളെ കാണുവാൻ ക്രിസ്ത്യാനികൾ വിമുഖതയുള്ളവരാണ്. എന്നാൽ യേശുക്രിസ്തു അനേകം

സഹോദരന്മാരിൽ ആദ്യജാതനായിരിക്കണമെന്നത് ദൈവം മുൻ നിയമിച്ചിരിക്കുന്നു (റോമ. 8: 29).

തുടർന്ന് 2:12-ൽ ക്രൂശിന്റെ സങ്കീർത്തനമായ സങ്കീർത്തനത്തിൽ നിന്നുള്ള ഒരു ഉദ്ധരണി നാം കാണുന്നു. "നിന്റെ നാമത്തെ ഞാൻ എന്റെ സഹോദരന്മാരോടു കീർത്തിക്കും". തന്റെ ഇളയ സഹോദരങ്ങളെക്കുറിച്ചുള്ള ഒരു പരാമർശമാണിത്. തുടർന്ന് യെശയ്യാവ് 8-ലെ മറ്റൊരു വാക്യം കൂടി ഉദ്ധരിച്ചിരിക്കുന്നു. ''ഇതാ, ഞാനും ദൈവം എനിക്കു തന്ന മക്കളും" ഇതു പറഞ്ഞിട്ട് ഇങ്ങനെ തുടരുന്നു:" മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആക കൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവൻ ആയി'' (2:14). അങ്ങനെ മാത്രമേ തനിക്കു മരണത്തിലേക്കു കടക്കുവാൻ കഴിയുമായിരുന്നുള്ളൂ. അങ്ങനെ മരണത്തിലൂടെ സാത്താന്റെ കയ്യിൽ നിന്നും മരണത്തിന്റെ അധികാരം പിടിച്ചെടുത്തു.

മരണത്തിന്റെ അധികാരം സാത്താന്റെ കൈവശം ആയിരുന്നതായി നാം ഇവിടെ കാണുന്നു. ആദാമിന്റെ പാപം മുതൽ പഴയ നിയമകാലത്തുടനീളവും മരണത്തിന്റെ താക്കോൽ സാത്താന്റെ കയ്യിലായിരുന്നു. ആദാം അത് സാത്താനു നൽകി. യേശു തന്റെ മരണത്തിലൂടെ ആ താക്കോൽ അവന്റെ കയ്യിൽ നിന്നും പിടിച്ചെടുത്തു. വെളിപ്പാട് 1:18 ൽ യേശു പറയുന്നു: "മരണത്തിന്റെ താക്കോൽ എന്റെ കൈവശം ഉണ്ട്.'' നിങ്ങൾ ദൈവത്തെ അനുസരിച്ചു ജീവിക്കുന്ന ഒരു ദൈവ പൈതലെങ്കിൽ കർത്താവു വാതിൽ തുറക്കാതെ നിങ്ങൾക്കു മരണത്തിലേക്കു പ്രവേശിക്കുവാൻ കഴികയില്ല. ആ വെളിപ്പാടിനായി ഞാൻ കർത്താവിനെ സ്തുതിക്കുന്നു. ഒരു അപകടത്തിനോ, രോഗത്തിനോ, മതമൗലിക വാദികൾക്കോ ഒന്നും എന്നെ കൊല്ലാൻ കഴികയില്ല - എപ്പോൾ വരെ യേശു മരണത്തിന്റെ വാതിൽ തുറക്കുന്നില്ല, അപ്പോൾ വരെ. ഈ സത്യം ഗ്രഹിച്ചാൽ ഇതു നമുക്കു വലിയ വിശ്വാസം നൽകും. യേശു മരണത്തെ കീഴടക്കുകയും മരണത്തിന്റെ താക്കോൽ തന്റെ മാത്രം കൈവശമാക്കുകയും ചെയ്തു.

മനുഷ്യൻ പാപം ചെയ്തതുകൊണ്ടാണ് മരണത്തിന്റെ അധികാരം പിശാചിന്റെ കൈകളിലായത്. മനുഷ്യൻ തന്നെ അതു സ്വയം പിശാചിന്റെ കരങ്ങളിൽ ഏല്പിക്കുകയായിരുന്നു അങ്ങനെ മരണ ഭയത്തിൽ ഇക്കാലം മുഴുവൻ കഴിഞ്ഞിരുന്ന നമ്മെ അതിൽ നിന്നും മോചിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു (2:15). എല്ലാ മനുഷ്യരും മരണ ഭയത്തിന് അടമകളായിട്ടാണ് ജീവിക്കുന്നത്. നിങ്ങൾ ഒരു ക്രിസ്തു ശിഷ്യനെങ്കിൽ ഇനി നിങ്ങൾക്കതിന്റെ ആവശ്യമില്ല. നിങ്ങൾ എല്ലാം ക്രിസ്തുവിനു സമർപ്പിക്കുകയും ദൈവഹിതമല്ലാത്ത മറ്റൊരു ലക്ഷ്യവും ഈ ഭൂമിയിലെ ജീവിതത്തിലില്ല എന്ന അവസ്ഥയിൽ വരികയും ചെയ്താൽ ഒരു നിമിഷത്തേക്കു പോലും മരണഭയം നിങ്ങളിൽ ഇടം കണ്ടെത്തുകയില്ല. നിങ്ങളുടെ ഉറക്കം സമാധാനപൂർണമായിരിക്കും.

(തുടരും)

മൊഴിമാറ്റം: **ബോബി ചെറിയാൻ**

❖

### 500 വർഷം മുൻപ് മുഴങ്ങിയ നവീകരണത്തിന്റെ കാഹളം



# മാർട്ടിൻ ലൂഥറിന്റെ അനുഭവങ്ങളിലൂടെ....

ജർമ്മനിയിലെ കോൺസ്റ്റാൻസ് എന്ന സ്ഥലത്ത് 1415 ജൂലൈയിൽ കൂടിയ റോമൻകത്തോലിക്കാ സഭാ കൗൺസിൽ, പുരോഹിതനും പ്രേഗ് യൂണിവേഴ്സിറ്റിയെ പ്രൊഫസറുമായ ജോൺ ഹൂസിനെ 'ദുരുപദേശകൻ' എന്ന് മുദ്രകുത്തി അഗ്നിയിൽ ദഹിപ്പിക്കുവാൻ വിധിച്ചു. റോമൻ കത്തോലിക്കസഭയുടെ ഉപദേശങ്ങളെ എതിർക്കുക, പോപ്പിന്റെ അപ്രമാദിത്വത്തെ അംഗീകരിക്കാതിരിക്കുക, പാപമോചനച്ചീട്ടിന്റെ വിതരണത്തെ എതിർക്കുക, വിക്ലിഫിന്റെ ഉപദേശങ്ങൾ പിന്തുടരുക എന്നിങ്ങനെയുള്ള കുറ്റങ്ങളാണ് ഹൂസിന്റെ മേൽ ആരോപിക്കപ്പെട്ടത്. 1369-ൽ ചെക്ക് റിപ്പബ്ലിക്കിലെ ബൊഹിമിയയിൽ ജനിച്ച അദ്ദേഹത്തിന്റെ പേരായ ഹൂസ് എന്നത് പാത്ത (Goose) എന്ന പക്ഷിയുടെ പേരിന്റെ ചെക്ക് ഭാഷയിലുള്ള രൂപമാണ്. അഗ്നിക്കിരയാക്കുവാനുള്ള ശിക്ഷാവിധിയറിഞ്ഞപ്പോൾ ഹൂസിന്റെ പ്രതികരണം ഇപ്രകാരമായിരുന്നു: 'നിങ്ങൾ ഈ ഹൂസിനെ തീയിലിട്ട് ചുട്ടെന്ന് വരാം. എന്നാൽ ഇന്നേക്ക് നൂറുവർഷങ്ങൾക്കുള്ളിൽ ഒരു അരയന്നം എഴുന്നേൽക്കും. അതിന്റെ പാട്ടിനെ നിശ്ശബ്ദമാക്കുവാൻ നിങ്ങൾക്കാവില്ല'. കൃത്യം നൂറ്റിരണ്ടു വർഷങ്ങൾക്കുശേഷം ജർമ്മനിയിലെ വിറ്റൻബർഗിൽ ഒരു 'അരയന്നം' എഴുന്നേറ്റു. നവീകരണത്തിനായി അത് ശബ്ദമുയർത്തിയപ്പോൾ ആ പാട്ടിന്റെ അലയൊലികൾ ലോകമെമ്പാടും മാറ്റൊലികൊണ്ടു. ജോൺ ഹൂസിന്റെ ആ പ്രവചനം നിറവേറിയത് എങ്ങനെയാണ് പരിശോധിക്കാം!

1517 ഒക്ടോബർ 31 സായാഹ്നം. വിറ്റൻബർഗിലുള്ള കാസിൽ ചർച്ചിന്റെ മുറ്റത്ത് കൈയ്യിൽ കുറച്ച് കടലാസ് ഷീറ്റുകളുമായി രണ്ടുപേർ നിൽക്കുന്നു. തൊട്ടടുത്ത ദിവസം, അതായത് നവംബർ ഒന്ന്, എല്ലാ വിശുദ്ധന്മാരുടെയും ദിനമായി ആചരിക്കുന്നതിനാൽ പള്ളിയിൽ ധാരാള മാളുകൾ എത്തിച്ചേരും. പള്ളിമുറ്റത്ത് നിന്നവരിൽ ഒരാൾ യൂണിവേഴ്സിറ്റി പ്രൊഫസറും അഗസ്തിനിയൻ സന്യാസിയുമായ ഫാദർ ഡോ. മാർട്ടിൻ ലൂഥറും മറ്റെയാൾ അദ്ദേഹത്തിന്റെ സഹായി ജോൺഷ്നയിഡറുമായിരുന്നു. കൈവശമുണ്ടായിരുന്ന കടലാസുകൾ അവർ പള്ളിയുടെ മുൻവശത്തെ വാതിലിൽ ആണിയടിച്ച് തറച്ചുവെച്ചു വിശ്വാസികളുടെ ഇടയിൽ ചർച്ചചെയ്യപ്പെടേണ്ട ആത്മീയവിഷയങ്ങൾ പള്ളിയുടെ വാതിലിൽ പതിച്ചുവയ്ക്കുന്നത് അന്നത്തെയൊരു രീതിയായിരുന്നു. പക്ഷേ, ഡോക്ടർ ലൂഥർ അന്നേദിവസം തൂക്കിയിട്ടപേപ്പറുകളിൽ എഴുതിയി

രിക്കുന്ന വിഷയങ്ങൾ അത്രനിസ്സാര മല്ലായിരുന്നു. താൻ പ്രതിനിധാനം ചെയ്യുന്ന റോമൻ കാത്തോലിക്ക സഭയുടെ ഉപദേശങ്ങൾക്കും പ്രവർത്തന രീതികൾക്കുമെതിരാ യുള്ള 95 കുറ്റസംഗതികളായിരുന്നു (95 Thesis) അതിലുണ്ടായിരുന്നത്. സഭാചരിത്രകാരന്മാർ 'നവീകരണം' എന്ന് വിളിച്ച ആത്മീയവിപ്ലവ ത്തിന്റെ തുടക്കം. ജോൺഹൂസും വിക്ലിഫുമൊക്കെ തുടങ്ങിവെച്ച ആത്മീയ നവീകരണം ഒരു കൊടുങ്കാറ്റ് പോലെ ആഞ്ഞടിച്ചത് മാർട്ടിൻ ലൂഥറിലൂടെയാണ്. കഴിഞ്ഞ അഞ്ച് നൂറ്റാണ്ടുകളായി ലോക ത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ അത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

"നമ്മുടെ കർത്താവും നാഥനു മായ യേശുക്രിസ്തു 'മാനസാന്തര പ്പെടുവിൻ' എന്ന വചനത്തിലൂടെ അർത്ഥമാക്കുന്നത്, വിശ്വാസികളുടെ മുഴുജീവിതവും മാനസാന്തര ജീവി തമായിരിക്കണമെന്നതാണ്'' എന്നുള്ള ഒന്നാം സിദ്ധാന്തം മുതൽ സഭയുടെ അന്നത്തെ വിശ്വാസപ്രമാ ണങ്ങളെയും രക്ഷയ്ക്കായുള്ള പ്രവർത്തന പദ്ധതികളെയും സഭാ നേതൃത്വത്തിന്റെ തെറ്റായ പ്രവർത്ത നങ്ങളെയുമൊക്കെ 95 തർക്കസംഗ തികളിലൂടെ ലൂഥർ വിമർശന വിധേ യമാക്കുന്നുണ്ട്. തങ്ങളുടെ ദൈനം ദിന ജീവിതത്തെ ബാധിക്കുന്ന വിഷ യങ്ങളാണിവയെന്ന് തിരിച്ചറിഞ്ഞ സാധാരണജനങ്ങളും സഭാപ്രമാണ ങ്ങളെ വെല്ലുവിളിക്കുന്നവയാണിവ യെന്ന് തിരിച്ചറിഞ്ഞ പണ്ഡിതരും ഇവയെപ്പറ്റി ചർച്ചചെയ്യുവാൻ തുട ങ്ങി. ഏതാനും ദിവസങ്ങൾക്കകം ജർമ്മൻ ഭാഷയിലുള്ള പല പത്രങ്ങ ളിലും ഇവ അച്ചടിച്ചു വന്നു. രണ്ടാ ഴ്ചയ്ക്കുള്ളിൽ ജർമ്മനി മുഴുവനും ഒരു മാസത്തിനകം യൂറോപ്പിലാകമാ നവും ഇവ ചർച്ചചെയ്യപ്പെട്ടു. ഇരുണ്ട സ്ഥലത്ത് കത്തിച്ചുവെച്ച പ്രകാശ നാളം പോലെ ഇതിന്റെ സ്വാധീനം ലോകമെമ്പാടും പരക്കുവാൻ തുട ങ്ങി. എന്നാൽ റോമൻകത്തോലിക്കാ സഭയുടെ ആത്മീയ നേതൃത്വം ഇതിനെ തുടക്കത്തിൽ ഗൗരവമായി എടുത്തില്ല. "ജർമ്മനിയിലെ കുടിയ നായ ഒരു സന്ന്യാസിയുടെ സൃഷ്ടി കളാണ് ഈ സിദ്ധാന്തങ്ങൾ; അയാൾക്ക് സുബോധമുണ്ടാകു മ്പോൾ പറഞ്ഞതെല്ലാം അയാൾ പിൻവലിക്കും" – ഇതായിരുന്നു ഇതി നെപ്പറ്റിയുള്ള പോപ്പിന്റെ പ്രതികര ണം. എന്നാൽ അധികകാലം ഈ അവഗണ തുടരുവാൻ കത്തോലിക്ക സഭയ്ക്ക് കഴിഞ്ഞില്ല. നവീനകരണ മെന്നത് ഒരു ദൈവിക പദ്ധതിയാ ണെന്ന് തിരിച്ചറിഞ്ഞ അനേകമാളു കൾലൂഥറിനു പിന്നിൽ അണിനിര ന്നു. ലൂഥറിനെ നിശ്ശബ്ദനാക്കുവാൻ സഭ നന്നായി പരിശ്രമിച്ചു. എന്നാൽ നവീകരണ സന്ദേശങ്ങൾ ഒരു കുളിർമഴപോലെ വരണ്ട ഹൃദയങ്ങ ളിൽ പതിച്ചപ്പോൾ ഉണ്ടായ ജീവന്റെ തുടിപ്പുകൾ ജനലക്ഷങ്ങളെ മാറ്റിമ റിക്കുന്ന കാഴ്ചയാണ് ലോകം പിന്നീട് കണ്ടത്.

യിസ്രായേലിനെ മിസ്രയീമിൽ നിന്ന് രക്ഷിക്കുവാനായി ദൈവം മോശയെ എഴുന്നേൽപ്പിച്ചതുപോലെ അസത്യത്തിന്റെ പിടിയിൽനിന്ന് ക്രിസ്തുസഭയെ രക്ഷിച്ചെടുക്കുക എന്ന ദൗത്യമാണ് ലൂഥറിനെ ദൈവം ഏല്പിച്ചത്. ദൈവവിളി ലഭിക്കുന്ന തിന് മുമ്പ് എൺപതു വർഷങ്ങൾ മോശയെ ദൈവംപണിതെടുത്തതു പോലെ ലൂഥറിനെയും ദൈവം ഒരു ക്കിയെടുത്തു. നവീകരണത്തിന് ലൂഥറിന്റെ ജീവിതത്തിലെ സത്യാ ന്വേഷണ പരീക്ഷണങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്.

**ലൂഥറിന്റെ മാനസാന്തരം**

ജർമ്മനിയിലെ സാക്സണിയിൽ



ലൂഥർ പിതാവിന്റെ ആഗ്രഹംപോലെ നിയമപഠനത്തിന് ചേർന്നു. മതത്തിന്റെ പഠിപ്പിക്കലുകളെപ്പറ്റി ലൂഥറിന് നല്ല പരിജ്ഞാനം ഉണ്ടായിരുന്നു. ആത്മീയവിഷയങ്ങളെ ഗൗരവമായി കണ്ടിരുന്നതിനാൽ വിശുദ്ധനും നീതിമാനുമായ ദൈവത്തെ മരണശേഷം അഭിമുഖീകരിക്കുന്നതിനെപ്പറ്റി ലൂഥർ ചിന്തിക്കുമായിരുന്നു. ഇത്തരം വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള ചോദ്യങ്ങൾ യുവാവായ ലൂഥറിനെ അസ്വസ്ഥനാക്കിയിരുന്നു.

1504 ജൂലൈ രണ്ടാം തീയതിയുണ്ടായ ഒരു സംഭവം ലൂഥറിന്റെ ജീവിതത്തെ മാറ്റിമറിച്ചു. അവധിക്കാലം കഴിഞ്ഞ് ലൂഥർ യൂണിവേഴ്സിറ്റിയിലേക്കുള്ള മടക്കയാത്രയിലായിരുന്നു. എർഫുർട്ട് നഗരത്തോടടുത്തപ്പോൾ ശക്തമായ കാറ്റും മഴയുമുണ്ടായി. ആകാശം കാർമേഘങ്ങളാൽ മൂടിയിരുന്നു. പെട്ടെന്നൊരു ശക്തമായ ഇടിയും മിന്നലും. അതിന്റെ ശക്തിയിൽ ലൂഥർ നിലത്തേക്ക് തെറിച്ചുവീണു. തന്റെ ജീവിതം അവസാനിക്കുവാൻ പോകുന്നുവെന്ന ചിന്തയിൽ പ്രാണഭയത്തോടെ ലൂഥർ ഇപ്രകാരം നിലവിളിച്ചു: 'വിശുദ്ധ ആൻ, രക്ഷിക്കേണമേ, ഞാനൊരു സന്ന്യാസിയായിക്കൊള്ളാം." മറിയത്തിന്റെ അമ്മയായ വിശുദ്ധ ആൻ ഖനിത്തൊഴിലാളികളുടെ മദ്ധ്യസ്ഥയായിരുന്നു! ലൂഥറിന്റെ കുടുംബത്തിന്റെ ഏറ്റവും വിശ്വസ്തയായ മദ്ധ്യസ്ഥ! മരണത്തിൽനിന്ന് രക്ഷപ്പെട്ട ലൂഥർ തന്റെ പ്രതിജ്ഞ നിറവേറ്റുവാൻ തീരുമാനിച്ചു. 1505

ഐസ്‌ലേബെൻ എന്ന സ്ഥലത്ത് ഹാൻസ് ലൂഥറിന്റെയും മാർഗ്രറ്റ് സിഗ്ളറുടെയും മകനായി 1483 നവംബർ 10-ാം തീയതി മാർട്ടിൻ ജനിച്ചു. ഹാൻസിന്റേത് ഒരു കർഷകകുടുംബമായിരുന്നു. എന്നാൽ കൃഷിവിട്ട് ഖനനം തൊഴിലാക്കുവാൻ തീരുമാനിച്ചതിനാൽ, മാർട്ടിന് ആറുമാസം പ്രായമുള്ളപ്പോൾ കുടുംബം മാൻസ്ഫീൽഡിലേക്ക് താമസം മാറ്റി. ഏഴാമത്തെ വയസ്സിൽ സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ച ലൂഥർ പതിനെട്ടാം വയസ്സിൽ എർഫുർട്ടിലെ യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടി. ഈ കാലത്തിനിടയിൽ ഖനിവ്യവസായത്തിലൂടെ ഹാൻസ് ലൂഥർ സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിൽ എത്തിയിരുന്നു. തന്റെ മകനെ അറിയപ്പെടുന്ന ഒരു അഭിഭാഷകനാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 1505 ജനുവരിയിൽ മാസ്റ്റർ ബിരുദം സമ്പാദിച്ച

*(ശേഷം പേജ് 34 ൽ)*

# ഭോഷൻ

(പേജ് 21 ൽ നിന്ന് തുടർച്ച)

ഒരുക്കി വച്ചത് ആർക്കു കിട്ടും'?

ഈ കഥ പറഞ്ഞ് അവസാനിപ്പിച്ചശേഷം യേശു അതിന് ഇങ്ങനെ അടിവരയിട്ടു. 'ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവന്റെ കാര്യമെല്ലാം ഇങ്ങനെയാണ്'! ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നെ നിക്ഷേപിക്കുന്നവൻ - ദൈവത്തിന്റെ ദൃഷ്ടിയിൽ അവനാണു വിഡ്ഢി!

മരണം ഒരു സത്യമാണ്. മർത്യൻ എന്ന വാക്കിന്റെ അർഥം തന്നെ മരണമുള്ളവൻ എന്നാണ്. വസ്തുതകൾ ഇതായിരിക്കെ ഈ ആത്യന്തിക സത്യത്തെ അഭിമുഖീകരിക്കാൻ മനുഷ്യൻ തയ്യാറെടുപ്പു നടത്താത്തതിനു കാരണം എന്തായിരിക്കും? മരണം അപ്രീയമായ ഒരു സത്യമാണ്. അപ്രീയമായ സത്യങ്ങൾ കണ്ടില്ലെന്നു നടിക്കുന്നതാണ് മനുഷ്യനു സൗകര്യം. ഇക്കാര്യത്തിൽ മുന്നറിയിപ്പുകളെ ഗൗരവമായി എടുക്കാതിരിക്കുന്നതാണ് അവന്റെ സ്വഭാവം.

മരണം സംബന്ധിച്ചു വേണ്ട മുന്നറിയിപ്പ് യഥാസമയം ലഭിച്ചിട്ടില്ലെന്ന് ആർക്കെങ്കിലും ഒഴികഴിവു പറയാൻ കഴിയുമോ? തിരക്കുള്ള ഒരു ദിവസം രാവിലെ തന്റെ കാബിനിൽ ഒരു കമ്പനിമേധാവി വൻതുകയുടെ ഒരു ചെക്കിൽ ഒപ്പിടാൻ പേനയെടുത്തപ്പോൾ ആരോ വന്നു കയ്യിൽ പിടിച്ചു. നോക്കിയപ്പോൾ മരണദൂതൻ.

'വരൂ നിങ്ങളുടെ സമയം കഴിഞ്ഞു'. മരണദൂതൻ പറഞ്ഞു. കമ്പനിമേധാവിക്കു ചിരിയാണു വന്നത്. 'ഞാനോ? ഇന്നോ? നിങ്ങളോടൊപ്പമോ? ഇന്നെന്തായാലും സമയമില്ല'. മരണദൂതൻ:'എന്നു പറഞ്ഞാൽ പറ്റില്ല വന്നേ തീരു'?

"നോക്കൂ, സുഹൃത്തേ, വെറുതെ തമാശപറയരുത്. കമ്പനി ബോർഡുയോഗത്തിന് എല്ലാവരും എന്നെ കാത്തിരിക്കുന്നു. അത് ഉച്ചയ്ക്കു കഴിഞ്ഞാൽ ഉടനെ കേന്ദ്ര മന്ത്രിയോടൊപ്പം ലഞ്ച്. ഉച്ചയ്ക്കുശേഷം കമ്പനിയുടെ പുതിയ എക്സിക്യൂട്ടീവ് ട്രെയിനികളെ തിരഞ്ഞെടുക്കാനുള്ള ഇന്റർവ്യൂ, വൈകുന്നേരം ക്ലബ്ബിലെ ടേബിൾടെന്നീസ് ടൂർണമെന്റ് ഉദ്ഘാടനം ചെയ്യേണ്ടതും ഞാൻ തന്നെ. ഈ തിരക്കിനിടയിൽ മുൻകൂട്ടി അപ്പോയിന്റ്മെന്റ് എടുക്കാതെ നിങ്ങൾ വന്നതു തന്നെ ശരിയായില്ല'. -മേധാവി പറഞ്ഞു.

പക്ഷേ മരണദൂതൻ വിടുമോ? ബലമായി കൊണ്ടുപോകുമെന്ന മട്ടു വന്നപ്പോൾ മേധാവി ക്ഷുഭിതനായി: "താങ്കൾ എന്തു മര്യാദ കേടാണു ചെയ്യുന്നത്? ഇന്നു തന്നെ വരണമെന്നുണ്ടായിരുന്നെങ്കിൽ നേരത്തെ മുന്നറിയിപ്പു തരാഞ്ഞത് എന്തുകൊണ്ട്?" മരണദൂതന്റെ മറുപടി ഇങ്ങനെയായിരുന്നു. "ഞാൻ വേണ്ട മുന്നറിയിപ്പു തന്നിരുന്നല്ലോ. നിങ്ങളുടെ മുടി നരച്ചപ്പോൾ അതൊരു മുന്നറിയിപ്പായിരുന്നു. കണ്ണിനു വെള്ളെഴുത്തു വന്നു നിങ്ങൾ കണ്ണടയെ ആശ്രയിക്കേണ്ടി വന്നപ്പോൾ അതു ഞാൻ തന്ന മുന്നറിയിപ്പായിരുന്നു. പടി കയറിയപ്പോൾ പതിവില്ലാതെ കിതച്ചതും ഞാൻ തന്ന മുന്നറിയിപ്പായിരുന്നു. ആരോഗ്യം ക്ഷയിച്ചപ്പോൾ, കേഴ്വി കുറഞ്ഞ

# ജീവന്റെ പ്രമാണവും നന്മതിന്മകളുടെ പ്രമാണവും

(പേജ് 10 ൽ നിന്ന് തുടർച്ച)

പ്രദമായ ചില പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ദൈവം അവരെ യഥാർത്ഥമായി തന്നെ ഉപയോഗിച്ചിരുന്നു. എന്നാൽ അവരുടെ പ്രവർത്തനം പൂർണ്ണമാണോ എന്നു ചോദിച്ചാൽ, ഇല്ല പലതും മെച്ചപ്പെടേണ്ടതുണ്ടെന്നു ഞാൻ പറയുമായിരുന്നു. ഒരു ദിവസം ഈ സഹോദരന്മാർ വളരെ താഴ്മയോടെ അവരുടെ പ്രവർത്തനത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ടു. ഞാൻ ചില കാര്യങ്ങൾ 'അങ്ങനെ വേണം', 'ഇങ്ങനെ വേണം' എന്നു പറഞ്ഞുകൊടുക്കുകയും ചെയ്തു. പക്ഷേ പിന്നീടും അവരുടെ പ്രവർത്തനത്തിൽ മാറ്റമൊന്നും കാണപ്പെട്ടില്ല. ഇക്കാര്യം എന്നെ അലട്ടിയോ? തീർച്ചയായും ഇല്ല. ഞാൻ ചെയ്തതു പുറമേ കാണാവുന്ന കാര്യങ്ങളിൽ ചില ക്രമീകരണങ്ങൾ നിർദ്ദേശിക്കുക മാത്രമാണ്. ദൈവം ആന്തരികമായി അവരുടെ ജീവിതത്തിൽ ചെയ്തുകൊണ്ടിരുന്നത് എന്താണെന്ന് എനിക്കറിയില്ല. പുറമേ കാണാവുന്ന രീതിയിൽ ഞാൻ നിർദ്ദേശിച്ച തരത്തിലുള്ള മാറ്റം ഉണ്ടാകണമെന്നു ശഠിച്ചു ദൈവത്തിന്റെ പ്രവർത്തനത്തിൽ ഇടപെടാൻ ഞാനാരാണ്?

മറ്റൊരു സ്ഥലം ഞാൻ സന്ദർശിച്ചപ്പോൾ അവിടെ സഹോദരന്മാർ സുവിശേഷം പ്രസംഗിക്കുന്നതിൽ വലിയ താൽപര്യം ഉള്ളവരായിരുന്നില്ല. ഇക്കാര്യം അവരെന്നോടു സംസാരിക്കുകയും തങ്ങൾ സുവിശേഷം പ്രസംഗിക്കേണ്ടതല്ലേ എന്ന് എന്നോടു ചോദിക്കുകയും ചെയ്തു. 'വേദശാസ്ത്രപരമായി പറഞ്ഞാൽ അതുവേണ്ടതാണ്' ഞാൻ മറുപടി പറഞ്ഞു. തങ്ങൾക്കും അങ്ങനെ തോന്നുന്നുണ്ടെന്ന് അവർ പറഞ്ഞു. പക്ഷേ, അത്ഭുതമെന്നു പറയട്ടെ, ദൈവം അക്കാര്യത്തിൽ അവരുടെ ജീവനെ ഉത്സാഹിപ്പിച്ചില്ല. ഈ സാഹചര്യത്തിൽ ദൈവത്തിനു മുമ്പാകെ നിശ്ശബ്ദരായി നിൽക്കുക മാത്രമാണ് കരണീയം. നമ്മുടെ വഴികൾ ശരിയും തെറ്റുംകൊണ്ടല്ല. അവിടുത്തെ ജീവനാൽ മാത്രം ഭരിക്കപ്പെടുമ്പോൾ നമുക്ക് മറ്റെന്തു ചെയ്യുവാനാകും?

സഹോദരീ സഹോദരന്മാരേ, രണ്ടു പ്രമാണങ്ങളും തമ്മിലുള്ള അന്തരം വളരെ വലിയതാണ്. ഇപ്പോഴും പലരും ചോദിക്കുന്നത് 'ഞാൻ അതു ചെയ്യുന്നത് ശരിയാണോ? ഇതു ചെയ്യുന്നതിൽ തെറ്റുണ്ടോ?' എന്നാണ്. എന്നാൽ

---

പ്പോൾ.... എല്ലാം എന്റെ മുന്നറിയിപ്പുകളായിരുന്നു. ഇനി കാത്തു നിൽക്കാനാവില്ല. വരൂ'' ശേഷം ചിന്ത്യം.

ജ്ഞാനിയായ സോളമൻ തന്റെ ജ്ഞാന വചനങ്ങളുടെ പുസ്തകം അവസാനിപ്പിക്കുന്നത് ഇങ്ങനെ: 'എല്ലാറ്റിന്റെയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപ്പനകളെ പ്രമാണിച്ചു കൊൾക. അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്. ദൈവം നല്ലതും തീയതുമായ സകലപ്രവൃത്തിയെയും സകലരഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ'.

❖

യഥാർത്ഥ ക്രിസ്ത്യാനി ചോദിക്കേണ്ട ഒരേ ഒരു ചോദ്യം 'ഞാൻ ഈ കാര്യം ചിന്തിക്കുമ്പോൾ എന്നിലുള്ള ദിവ്യജീവൻ ഉയരുകയാണോ താഴുകയാണോ ചെയ്യുന്നത്?' എന്നതാണ്. ദിവ്യജീവന്റെ പ്രതികരണമാണ് ഓരോ ഘട്ടത്തിലും എന്റെ വഴി നിശ്ചയിക്കേണ്ടത്. ഹൃദയസംബന്ധമായ ഒരു കാര്യമാണിത്.

**'ഇവനു ചെവികൊടുപ്പീൻ'**

മറുരൂപ മലയിൽ നിയമത്തിന്റെ പ്രതിനിധിയായി മോശെയുണ്ടായിരുന്നു. പ്രവാചകന്മാരെ പ്രതിനിധാനം ചെയ്ത് ഏലിയാവുമുണ്ടായിരുന്നു. നിയമപരമായ മാനദണ്ഡവും പ്രാവചനിക മാനദണ്ഡവും അവിടെയുണ്ടായിരുന്നുവെന്നു സാരം. പക്ഷേ, പഴയ നിയമയുഗത്തിൽ നിരന്തരം സംസാരിച്ചുകൊണ്ടിരിപ്പാൻ യോഗ്യരായിരുന്ന ഈ രണ്ടുപേരെയും ദൈവം അവിടെ നിശ്ശബ്ദരാക്കിയ ശേഷം പറഞ്ഞു: 'ഇവൻ എന്റെ പ്രിയ പുത്രൻ. ഇവനു ചെവികൊടുപ്പീൻ.'

ഇന്നു ക്രിസ്ത്യാനിയുടെ മാനദണ്ഡം നിയമത്തിന്റെയോ പ്രവാചകന്മാരുടെയോ ആയിരിക്കരുത്. അതു ക്രിസ്തുവായിരിക്കണം. നമ്മിൽ വസിക്കുന്ന ക്രിസ്തു. അതുകൊണ്ട് പ്രസക്തമായ ചോദ്യം 'ഞാൻ ചെയ്യുന്നതു ശരിയാണോ തെറ്റാണോ? എന്നതല്ല 'എന്നിലുള്ള ദിവ്യജീവൻ ഇതു സമ്മതിക്കുന്നുവോ' എന്നതാണ്. നാം പലപ്പോഴും കാണുന്നത് നാം സ്വയം സമ്മതിക്കുന്നത് പലതും ആന്തരിക ജീവൻ സമ്മതിക്കുന്നില്ല എന്നാണല്ലോ. അങ്ങനെയെങ്കിൽ ശരിയെന്നു നാം ചിന്തിക്കുന്നതു മുഖവിലയ്ക്കെടുത്ത് നമുക്ക് എങ്ങനെ പ്രവർത്തിക്കുവാനാകും?

ഗിരിപ്രഭാഷണം സത്യത്തിൽ എന്താണ്? ദൈവം നമ്മിൽ വച്ചിരിക്കുന്ന ആന്തരിക ജീവന്റെ നിലവാരമല്ലേ അവിടെ വെളിപ്പെടുത്തിയിരിക്കുന്നത്? ശരിയായതു ചെയ്താൽ മതി എന്നാണോ ഗിരിപ്രഭാഷണം പഠിപ്പിക്കുന്നത്? മനുഷ്യർ ചോദിക്കാറുണ്ട്: ആരെങ്കിലും ഒരു ചെകിട്ടത്തടിച്ചാൽ മറ്റേതു കാണിച്ചുകൊടുക്കുന്നത് എന്തിനാണ്? ഒരു കരണത്തടിക്കുന്നത് നിശ്ശബ്ദം സഹിക്കുന്നതുകൊണ്ടുതന്നെ ന്യായമായതു ചെയ്തല്ലോ.

പക്ഷേ, ദൈവം പറയുന്നത് മറ്റൊന്നാണ്. ഒരു ചെകിട്ടത്തടിക്കുമ്പോൾ മറ്റൊന്നും ചെയ്യാതെ തല കുനിച്ച് അവിടെനിന്നു പോകുന്നതുകൊണ്ടു മാത്രം ആന്തരിക ജീവൻ തൃപ്തി അടയുകയില്ല. മറ്റെ ചെകിടുകൂടി അടിക്കുന്നവനു കാണിച്ചുകൊടുത്താലേ ആന്തരികമായി തൃപ്തി ഉണ്ടാകൂ. ഉള്ളിൽ ഒരു പ്രതിഷേധവും ഇല്ലെന്നാണ് ആ പ്രവൃത്തി വെളിപ്പെടുത്തുന്നത്. ജീവന്റെ മാർഗ്ഗം അതാണ്.

പലരും പറയാറുണ്ട് മത്തായി അഞ്ചു മുതൽ ഏഴുവരെയുള്ള അധ്യായങ്ങൾ വളരെ കഠിനമാണ്. മനുഷ്യർക്ക് അപ്രാപ്യമായ കാര്യമാണ് എന്ന്. പക്ഷേ, പ്രധാന വസ്തുത ഇതാണ്. നിങ്ങൾക്ക് ഒരു ആന്തരിക ജീവൻ ഉണ്ട്. അതു നിങ്ങളോടു പറയുന്നത് ഗിരിപ്രഭാഷണത്തിന്റെ നിലവാരത്തിൽ പ്രതികരിച്ചില്ലെങ്കിൽ ഹൃദയത്തിൽ സമാധാനം ലഭിക്കുകയില്ല എന്നാണ്. പ്രസക്തമായ ചോദ്യം ഇതാണ്: ജീവന്റെ വഴിയിലാണോ നിങ്ങൾ പോകുന്നത് അതോ തെറ്റിന്റേയും ശരിയുടേയും മാർഗത്തിലാണോ?

**നമ്മുടെ എല്ലാ പ്രവർത്തനവും ജീവനാൽ നിയന്ത്രിക്കപ്പെടട്ടെ.**

സഹോദരീ സഹോദന്മാരേ, ഞാൻ ആവർത്തിക്കട്ടെ: നമ്മുടെ എല്ലാ പെരുമാറ്റങ്ങളും ജീവന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടണം. ജീവന്റെ നിലവാരത്തിൽനിന്നു മാറി, ശരിയായുള്ളതു ചെയ്താൽ പോലും അതിനു ദൈവികമായ അംഗീകാരം ലഭിക്കുകയില്ല. എന്റെ ആന്തരിക ജീവനെ ശോഷിപ്പിക്കുന്ന തരത്തിൽ ഞാൻ ചെയ്ത 'നല്ല പ്രവൃത്തികളെ'പ്പോലും പാപമായി കണക്കാക്കി ദൈവമുമ്പാകെ ക്ഷമയ്ക്കുവേണ്ടി അടുത്തുചെല്ലേണ്ടതുണ്ട്. 1 കൊരിന്ത്യർ 4:4–ൽ പൗലൊസ് പറയുന്നു: 'എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല. എന്നെ വിധിക്കുന്നത് കർത്താവ് ആകുന്നു'. താൻ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും തന്നെ സംബന്ധിച്ചുള്ളതെല്ലാം ശരിയാണെന്നു പറയാൻ പൗലൊസ് ധൈര്യപ്പെടുന്നില്ല. കർത്താവാണു തന്റെ ന്യായാധിപതി എന്ന് പൗലൊസ് അംഗീകരിക്കുന്നു. സിംഹാസനത്തിലിരുന്നു കർത്താവു നമ്മെ ന്യായം വിധിക്കും. പക്ഷേ, തന്റെ ജീവൻ ഇപ്പോൾ തന്നെ നമ്മുടെ വഴികളെ നിയന്ത്രിക്കുന്നുണ്ട്. അതുകൊണ്ടാണ് പൗലൊസ് 2 കൊരിന്ത്യർ 5:7 ൽ 'നാം കാഴ്ചയാലല്ല വിശ്വാസത്താലത്രേ നടക്കുന്നത്' എന്ന് പറയുന്നത്. പുറംകാഴ്ചയുടെ വെളിച്ചത്തിൽ നിയമപരമായ ഒരു നിലവാരത്തിൽ നിന്നുകൊണ്ടല്ല മറിച്ച് ആന്തരികമായ ഒരു ജീവന്റെ അടിസ്ഥാനത്തിലാണ് യേശു നമ്മുടെ ഉള്ളിൽ വസിച്ചുകൊണ്ട് നിരന്തരം നമുക്കു

ജീവന്റെ നിലവാരത്തിൽനിന്നു മാറി, ശരിയായുള്ളതു ചെയ്താൽ പോലും അതിനു ദൈവികമായ അംഗീകാരം ലഭിക്കുകയില്ല. എന്റെ ആന്തരിക ജീവനെ ശോഷിപ്പിക്കുന്ന തരത്തിൽ ഞാൻ ചെയ്ത 'നല്ല പ്രവൃത്തികളെ'പ്പോലും പാപമായി കണക്കാക്കി ദൈവമുമ്പാകെ ക്ഷമയ്ക്കുവേണ്ടി അടുത്തുചെല്ലേണ്ടതുണ്ട്. പൗലൊസ് പറയുന്നു: 'എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ എന്നു വരികയില്ല. എന്നെ വിധിക്കുന്നത് കർത്താവ് ആകുന്നു'. താൻ തെറ്റൊന്നും ചെയ്തിട്ടില്ലെങ്കിലും തന്നെ സംബന്ധിച്ചുള്ളതെല്ലാം ശരിയാണെന്നു പറയാൻ പൗലൊസ് ധൈര്യപ്പെടുന്നില്ല. കർത്താവാണു തന്റെ ന്യായാധിപതി എന്ന് പൗലൊസ് അംഗീകരിക്കുന്നു.

തന്നെ വ്യക്തമാക്കിത്തരുന്നത്. അതുകൊണ്ട് തന്റെ ജീവനോടു വളരെ സ്പർശ്യത ഉള്ളവരായിരിക്കുകയും ആ ജീവൻ എന്താണു പറയുന്നതെന്നു തിരിച്ചറിയാൻ അഭ്യസിക്കുകയും വേണം. തെറ്റിന്റെയും ശരിയുടേയും അപ്പുറത്ത് ജീവന്റെ പ്രമാണത്താൽ ഭരിക്കപ്പെടുമെങ്കിൽ നമ്മുടെ ജീവിതത്തിൽ വലിയ മാറ്റം വരും നാളുകളിൽ ഉണ്ടാകും. ആമേൻ.

❖

# മാർട്ടിൻ ലൂഥർ

(പേജ് 29 ൽ നിന്ന് തുടർച്ച)

ജൂലൈ പതിനഞ്ചിന് എർഫുർട്ടിലെ അഗസ്തീനിയൻ സന്ന്യാസാശ്രമത്തിൽ സന്ന്യാസവ്രതമെടുത്ത് ലൂഥർ പ്രവേശിച്ചു. ഇതു സത്യത്തിൽ അമ്പരപ്പിക്കുന്ന ഒരുതീരുമാനമായിരുന്നു. അഗസ്തീനിയൻ സമൂഹം കർശനമായ ചിട്ടകൾ പാലിച്ചിരുന്നു. അതുകൊണ്ടുതന്നെ പെട്ടെന്നുണ്ടായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല, തന്റെയുള്ളിലുള്ള ആത്മീയപ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് ലൂഥർ ആശ്രമപ്രവേശനത്തെ കണ്ടതെന്ന് അനുമാനിച്ചാൽ തെറ്റില്ല. വിശുദ്ധ അഗസ്റ്റിന്റെ പഠിപ്പിക്കലുകൾ നവീകരണവെളിച്ചത്തിലേക്ക് എത്തുവാൻ ലൂഥറിനെ ശരിക്കും സ്വാധീനിച്ചിട്ടുണ്ട് എന്നതു കൂടി കാണുമ്പോൾ ഇതിന്റെ പിന്നിൽ ദൈവികമായ വലിയൊരു പദ്ധതി ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഈ തീരുമാനം ഹാൻസ് ലൂഥറിനെ വല്ലാതെ ചൊടിപ്പിച്ചു. 'മാതാപിതാക്കളെ ബഹുമാനിക്കുക' എന്ന കല്പനയെ ലൂഥർ ലംഘിച്ചതായി അദ്ദേഹം ആശങ്കപ്പെട്ടു.

തന്റെയുള്ളിൽ സമാധാനവും രക്ഷയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണു ലൂഥർ ആശ്രമത്തിൽ ചേർന്നത്. എന്നാൽ ഏതാണ്ട് പത്ത് വർഷത്തോളം ലൂഥറിന് യഥാർത്ഥസമാധാനം നേടുവാൻ കഴിഞ്ഞില്ല. ദൈവം തന്നെ നിത്യനാശത്തിനായി മുന്നിയമിച്ചിരിക്കുന്നുവെന്നു ലൂഥർ ഭയപ്പെട്ടു. ആശ്രമജീവിതത്തെ സ്വർഗ്ഗപ്രവേശനത്തിനുള്ള ഉറച്ച മാർഗ്ഗമായി കണക്കാക്കിയിരുന്നതിനാൽ കഠിനമായ വ്രതങ്ങളും ചിട്ടയായ ജീവിതരീതിയും സന്ന്യാസജീവിതത്തിൽ ലൂഥർ പാലിച്ചിരുന്നു. ആശ്രമത്തിലുള്ള മറ്റുള്ളവരെക്കാൾ വിദ്യാസമ്പന്നനായിരുന്നതിനാൽ ലൂഥറിന് അഹങ്കാരമുണ്ടാകാതിരിക്കാൻ ആശ്രമാധിപന്മാർ അദ്ദേഹത്തെ തെരുവിൽ ഭിക്ഷയാചിക്കുവാൻ വിടുമായിരുന്നു. ആശ്രമവാസികൾ നിത്യോപയോഗത്തിനാവശ്യമായ സാധനങ്ങൾ ഇങ്ങനെ ശേഖരിക്കുന്നതായിരുന്നു അന്നത്തെ പതിവ്. മാത്രമല്ല, ആശ്രമത്തിലെ മറ്റുപല ജോലികളും ലൂഥർ സ്വമനസ്സോടെ ചെയ്യും. ദൈവത്തോടുള്ള നിരപ്പിന് മണിക്കൂറുകൾ കുമ്പസാരിച്ച് തെറ്റുകൾ ഏറ്റുപറയുന്ന ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. ദിവസങ്ങൾ നീളുന്ന ഉപവാസം, ഉറക്കമിളച്ചുള്ള പ്രാർത്ഥനകൾ, കൊടുംതണുപ്പിൽ പുറത്ത് നിൽക്കുക എന്നീ സ്വയംപീഡനങ്ങളിലൂടെ ദൈവപ്രസാദവും ഹൃദയസമാധാനവും നേടുവാൻ ലൂഥർ ശ്രമിച്ചു. ഒരു സന്ന്യാസിക്ക് തന്റെ സന്ന്യാസജീവിതം കൊണ്ട് സ്വർഗ്ഗം കിട്ടുമായിരുന്നെങ്കിൽ അതിന് താൻ എല്ലാ നിലയിലും യോഗ്യനായിരുന്നുവെന്ന് ലൂഥർ പിന്നീട് പറയുമായിരുന്നു. 'ഞാൻ ദൈവത്തെ സ്നേഹിച്ചിരുന്നില്ല, സത്യത്തിൽ പാപികളെ ശിക്ഷിക്കുന്ന നീതിമാനായ ദൈവത്തെ ഞാൻ വെറുത്തിരുന്നു' എന്നാണ് ഒരിക്കൽ ലൂഥർ പറഞ്ഞത് ഇതിനിടയിൽ 1507-ൽ അദ്ദേഹത്തിന് വൈദികപ്പട്ടം ലഭിച്ചു. 1508-ൽ വിറ്റൻബർഗ് യൂണിവേഴ്സിറ്റിയിൽ പ്രൊഫസറായി നിയമനവും 1512-ൽ വേദശാസ്ത്രത്തിൽ ഡോക്ടറേറ്റും ലഭിച്ചു.

(തുടരും)

**ബോബി കുര്യൻ**

❖

The Making of Peter the Disciple -XI



# DISCIPLES DON'T GET DISCOURAGED

Sandeep Poonen

I want to continue to consider Peter's denial of Jesus described in Luke 22:31-62.

Jesus specifically warned Peter of his denial while at the last supper. Now how could Peter deny Christdespite being clearly warned by Him just a few hours earlier?There was no lack of human bravery in Peter; he was clearly willing to follow Jesus to prison and to death. Yet, after all this, Peter still failed more than any of the other disciples (all the rest deserted Jesus but didn't deny Him). Let us look at the serious sin of discouragement that triggered Peter's greatest failure.

**Tracing Peter's fall**

Right after His prediction that Peter would deny Him three times (v31-34), Jesus instructs His disciples to sell their coat for a sword. When the disciples respond that they have two swords, Jesus says that two swords are sufficient (v35-38). Jesus then goes to the Garden of Gethsemane and asks Peter, James, and John to pray with Him. But they fall asleep while Jesus prays (v39-46). Soon after He is done, Judas comes with the soldiers to arrest Jesus. One of those with Jesus said, "*Lord, shall we strike with the sword?*" (v49). They asked Jesus this because He had told them to carry a sword. They probably therefore assumed that this was the time to use the sword that Jesus had instructed them to carry.

Peter meanwhile, was probably still hurting from Jesus's prediction that he would deny Jesus. He saw a *crowd* coming armed with swords and clubs (v52), and thought that this was what Jesus was talking about. Peter could run away and be safe, or fight to protect Jesus and be killed. Eager to prove Jesus wrong, he swung his sword and

cut off the right ear of the servant of the high priest (v50).

But what he was not prepared for was Jesus's response. Jesus rebuked Peter sharply and said, "No more of this!" (v51). And He asked Peter to put his sword back (John 18:11).

I think this was the final straw for Peter. Jesus predicted that Peter would deny Him, and then instructed His disciples to carry a sword. Peter put these two things together and thought that Jesus was saying that Peter would not fight for Jesus unto death. Then, when Peter was willing to give up his life for Jesus and swung his sword, Jesus instead turned around and rebuked him.

I believe this discouraged him tremendously. Jesus rejected his most courageous act. Even when he was willing to physically sacrifice his life for Jesus, he was still rebuked. As Peter watched Jesus at His trial, the hurt and discouragement grew. I'm sure Satan further stirred his pride and discouragement with thoughts of self-pity and guilt. It was in this lowest of states, that Peter denied Jesus thrice, and even to a servant girl.

**Jesus understood the immense power in prayer (Luke 22:31-32)**

Jesus told Peter that Satan himself had targeted Peter (Luke 22:31). But let's not miss the fact that Satan had to get permission. Satan didn't have the right to "sift" Peter without getting permission from God first.Like in the story of Job, the devil needed permission from God. This should be a wonderful comfort for us. We have no reason to be scared of the devil; our Heavenly Father is in control.

Now did Christ *want* Peter to fall? Never! God never wants us to fall, nor does He tempt anyone (James 1:13). But He also saw the confidence in self and pride that opened Peter to the devil's attacks. So Jesus warned Peter. **He could not force Peterbecause of his free-will. But He could still pray for Peter**. The devil wanted to destroy Peter– like chaff is blown away from the wheat.Jesus prayed that even though Peter would fall because of his pride, he would still repent and turn back to Him. Then, the devil would not destroy Peter altogether (like chaff blown away from the wheat).

What also stands out to me is the *great rest* that Jesus finds in prayer. Prayer was His weapon to counter-attack the devil's attempts to sift Peter. We might think that the best way to counter the devil's attack was for Jesus to remind Peter who God is. Or for Jesus to

logically reason with Peter. But Jesus chose the most effective path: To pray for Peter.Jesus is not surprised when we fall, because we always fall due to our pride. But Jesus is still compassionate and lives to intercede for us and draw us back to Him.

**What might have happened if Peter had obeyed Jesus and prayed?**

When Jesus was at the Garden of Gethsemane, He urged Peter to pray – so that they may not enter into temptation. Was this an empty exhortation by Jesus? Was Peter destined to fall no matter what? Absolutely not! Peter failed because he did not take Jesus's repeated warnings seriously. Jesus saw that Satan wanted to sift Peter. But Peter did not fall because the Father pre-destined Him to sin. Even we, being evil relative to God, would never force our children to do the thing we detest most.

Who knows what might have happened if Peter had chosen to pray here, instead of sleep? The Father might have reminded Peter about Jesus' words to love his enemies and to pray for his persecutors. Maybe the Father might have reminded Peter that Jesus HAD to go to the cross and that Peter's duty was to obey the new commandment of Jesus, which was to love his fellow disciples.

**Pride and Discouragement**

This is an important lesson for us.Now God ALWAYS seeks to help us fight sin. Jesus urgedPeter to pray because He wanted Peter to find grace in his time of need.

We must believe God's absolute promise that He will always provide a way of escape out of every temptation (2 Corinthians 10:13). We can live in freedom from sin when we find the way of escape and come under grace (Romans 6:14). And the reason we do not find the way of escape and come under grace is simple: We are proud (1 Peter 5:5).**It is always our pride that causes us to fall into sin. *EVERY SINGLE TIME!***This is a very important fact to see this about ourselves and ALL our failures.

But here's something I have also found: ***A very close companionto pride is self-pity and discouragement***. We see this in Peter's failure, and I have seen this over and over in my life. **Discouragement is one of Satan's greatestweaponsagainst us**. We do not fall in big ways just because we are proud. As I just

said, ALL sin is a result of our pride. But when pride is mixed with discouragement, we are capable of the worst of sins.

**Fighting discouragement: Keep getting up!**

Even though Jesus saw Peter's pride and Satan's evil desires, Jesus had hope. Jesus prayed for Peter's faith not to fail! Jesus wanted Peter to endure and not give up!

The word "peter" is now an English verb.*Webster tells me that to peter out means to diminish gradually and come to an end; or to become exhausted*. I do not know the origin of the meaning to this word, but Peter is definitely NOT an example of this at the end of his life. He did deny Jesus, but praise God, that's not the end of his life story.

***For us as well, Jesus is less concerned by the quantity of our failures as He is by the present quality of our faith*** (*James 1:3 – knowing that the testing of your faith produces endurance)*. God sends trials our way to show us the quality of our faith. And the very first virtue that these fiery trials are meant to produce in us is endurance (not victory).

This is the NUMBER ONE lesson to learn in battling discouragement. **Keep getting up**! Never lose your desire to depend on Jesus, and never lose your full confidence in Jesus.

**It's one thing to lose a battle. But it's a much bigger thing to lose the war.**

**It's one thing to experience failure. But it's a much bigger thing to lose your faith.**

Let us keep evaluating the quality of our faith. Maybe our faith was fiery hot, but we've now toned it down because we're scared to be called fanatics. Or maybe the narrow road of being a sold-out disciple is too hard! Or maybe we are afraid of man's opinion and so want to be "balanced": The right amount of work, the right amount of vacation, and yes, the right amount of Jesus too.

Let's be encouraged from the failure of Peter: Even denying Jesus at some point in life is not hopeless. Today can be the day of salvation, where we get back up and choose to return to Jesus. And as we read the rest of Peter's story, our faith can grow that what Jesus did to and through Peter, He can do for us too.

നിധാനം ചെയ്യുന്നു.

ഈ വൃക്ഷങ്ങളെപ്പറ്റി ബൈബിളിൽ ആദ്യം കാണുന്നത് ഉൽപ്പത്തി 2:9ലാണ്: 'കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു.'

നോക്കുക: നന്മതിന്മകളെക്കുറിച്ചുള്ള വൃക്ഷം മാത്രമല്ല ജീവവൃക്ഷവും യഹോവയായ ദൈവം നിലത്തു നിന്നു മുളപ്പിച്ചു. എന്നിട്ടു ദൈവം ഭക്ഷിക്കരുതെന്നു വിലക്കിയതു നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്നുള്ള ഫലം മാത്രമാണ്. "യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചത് എന്തെന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. 'തിന്നുന്ന നാളിൽ നീ മരിക്കും' (2:17). ഇവിടെ മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം വ്യക്തം-മനുഷ്യൻ കേവലം ശരിതെറ്റിന്റെ വൃക്ഷത്തിനടുത്തേക്കു പോകരുത്. പകരം ദൈവത്തെ തന്നെ പ്രതിനിധാനം ചെയ്യുന്ന ജീവന്റെ വൃക്ഷത്തിനടുത്തേക്ക് അവൻ പോകണം, ജീവവൃക്ഷത്തിൽനിന്നു ഭക്ഷിക്കണം.

എന്നാൽ മനുഷ്യൻ ജീവവൃക്ഷത്തെ അവഗണിച്ച് നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തെയാണു സമീപിച്ചത്. ഫലം അവൻ പാപത്തിൽ വീണു; ജീവനു പകരം മരണം സകലമനുഷ്യരിലും പരന്നു (റോമർ 5:12).

ഈ മരണത്തിൽ നിന്നു ജീവനിലേക്കു വരുവാൻ മനുഷ്യൻ സാക്ഷാൽ ജീവവൃക്ഷമായ യേശുവിന്റെ അടുത്തേക്കു വരേണ്ടതുണ്ട്. യേശു കർത്താവ് ഈ മരണം നീക്കുകയും ജീവൻ നൽകുകയുംചെയ്യും. അതുകൊണ്ടാണ് 2 തിമൊ.1:10ൽ 'മരണം നീക്കുകയും സുവിശേഷം കൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശു' എന്ന് യേശുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ആട്ടെ, ഇതു ശരിയാണെങ്കിലും യേശുവിനെ ജീവവൃക്ഷം എന്നു വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യം എന്താണ് എന്നു ചിലർ ചോദിച്ചേക്കാം. യേശുവിനെക്കുറിച്ച് അങ്ങനെ സൂചന നൽകുന്ന ഒരു വചനം നോക്കുക: "ജയിക്കുന്നവനു ഞാൻ ദൈവത്തിന്റെ പറുദീസയിൽ ഉള്ള ജീവവൃക്ഷത്തിന്റെ ഫലം തിന്മാൻ കൊടുക്കും" (വെളി. 2:7). ഇവിടെ 'വൃക്ഷം' എന്നതിനു മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് ' മരം' എന്നോ 'തടി' (wood) എന്നോ വിവർത്തനം ചെയ്യാവുന്ന ഒരു പദമാണ്. ആ പദം വരുന്ന മറ്റൊരു വാക്യം 1 പത്രോസ് 2:24 ആണ്. അവിടെ 'അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി' എന്ന് എഴുതിയിരിക്കുന്നിടത്ത് 'ക്രൂശ്' എന്നതിന് ഉപയോഗിച്ചിരിക്കുന്നതും ഇതേ പദമാണ്. യേശു തൂങ്ങ

പ്പെട്ട മരത്തിനും ദൈവപറുദീസയിലെ മരത്തിനും ഒരേ വാക്ക്! യേശു ക്രൂശിൽ മരിച്ചു. പക്ഷേ, അവിടുന്നു തന്നെയാണല്ലോ പുനരുത്ഥാനവും ജീവനും (യോഹ. 11:25). ഈ യേശുവിൽ വിശ്വസിക്കുന്നവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നും ജീവങ്കലേക്കു കടക്കുന്നു (യോഹ. 5:24). -ഇതാണു സുവിശേഷത്തിന്റെ കാതൽ.

എന്നാൽ ഈ സുവിശേഷം കേൾക്കുകയും യേശുവിൽ വിശ്വസിച്ചു മരണം വിട്ടു ജീവങ്കലേക്കു കടക്കുകയും ചെയ്ത പലരും ഇന്നും ഒരു ജീവന്റെ സമൃദ്ധി കൈയാളുന്നില്ല. നമുക്കു കേവലം ജീവൻ ഉണ്ടായാൽ പോരാ, സമൃദ്ധിയായ ജീവൻ ഉണ്ടാകണമെന്നാണ് അവിടുത്തെ ആഗ്രഹം (യോഹ. 10:10). നിർഭാഗ്യവശാൽ യേശുവിന്റെ സമൃദ്ധമായ ജീവനിലുള്ള ഈ പങ്കാളിത്തം വിശ്വാസികളെന്ന് അവകാശപ്പെടുന്ന ഏറെപ്പേരും ഇന്ന് അനുഭവിക്കുന്നില്ല എന്നതല്ലേ വാസ്തവം?

'യേശുവിന്റെ സമൃദ്ധമായ ജീവനിലുള്ള പങ്കാളിത്തം' എന്നെല്ലാം പറഞ്ഞാൽ പ്രായോഗികതലത്തിൽ അതെന്താണ് എന്നു പലർക്കും സംശയമുണ്ടാകാം. അത് ലളിതമായി ഇങ്ങനെ വിശദീകരിക്കാം: യേശു ആളുകളോട്, സാഹചര്യങ്ങളോട്, എതിർപ്പുകളോട് പ്രതികരിച്ചത് തന്റെ ജീവന്റെ സമൃദ്ധിയിൽ നിന്നാണ്. യേശുവിന്റെ ഈ പെരുമാറ്റം, പ്രതികരണം എത്രത്തോളം നമ്മുടെ ജീവിതത്തിലുണ്ട്? അവിടുത്തെ സ്വരൂപത്തോട് (സ്വഭാവത്തോട്) അനുരൂപരാകുവാനാണു നമ്മെ മുൻനിയമിച്ചിരിക്കുന്നതെന്ന് ഓർക്കുക (റോമർ 8:29). ചുരുക്കത്തിൽ യേശുവിന്റെ ജീവനിലുള്ള പങ്കാളിത്തം യേശുവിന്റെ പെരുമാറ്റത്തിൽ, പ്രതികരണത്തിൽ, സ്വഭാവത്തിലുള്ള പങ്കാളിത്തമാണ്. ഇതിലുള്ള സമൃദ്ധിനാം എത്രത്തോളം കയ്യാളുന്നുണ്ടെന്നുള്ളതാണു പ്രസക്തമായ ചോദ്യം.

ഈ സമൃദ്ധമായ ജീവൻ കയ്യാളാൻ നാം എന്താണു ചെയ്യേണ്ടത്? ഒന്നാമതു നമ്മുടെ സ്വയജീവന്റെ മേൽ ഒരുവാൾ വീഴണം. ജീവവൃക്ഷത്തിലേക്കുള്ള വഴി തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുടെ കീഴിലൂടെയായിരിക്കണമെന്നതു ദൈവം തന്നെയാണ് നിശ്ചയിച്ചത്. (ഉൽപത്തി 3:24 കാണുക). സ്വയജീവന്റെ മേൽ വാൾ പതിയാതെ ആർക്കും ജീവവൃക്ഷത്തെ സമീപിക്കാനാവില്ല. അങ്ങനെ സ്വയജീവനിൽ, സ്വന്ത ബലത്തിൽ, ഒരു തകർച്ച അറിഞ്ഞവന്റെ ബലം ക്രിസ്തുമാത്രം ആയിരിക്കും. ക്രിസ്തുവിനോട് അവനുള്ളത് ലളിതമായ നിർമലവും സുതാര്യവുമായ ഒരു ബന്ധമായിരിക്കും. ഇക്കാര്യം പൗലൊസ് വിശദീകരിക്കുന്നത് ശ്രദ്ധിക്കുക: "എന്നാൽ സർപ്പം ഹൗവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു" (2 കൊരിന്ത്യർ 11:3). സർപ്പം (സാത്താൻ) ഹവ്വയെ എങ്ങനെയാണു ഉപായത്താൽ ചതിച്ചത്? ഹവ്വയുടെ മുൻപിൽ ജീവവൃക്ഷത്തിലേക്കുള്ള വഴി വിലക്കില്ലാതെ തുറന്നു കിടന്നിരിക്കെ, അതാണു ദൈവഹിതം എന്നു വ്യക്തമായിരിക്കെ, അവൾ പിശാചുകൊണ്ടുവന്ന യുക്തിചിന്തയാൽ വശീകരിക്കപ്പെട്ടു. ദൈവത്തോടുള്ള ലളിതവും നിർമലവുമായ ഭക്തി കൈവിട്ടു. സ്വന്ത ബലത്തിൽ ചാരി. ഫലം ജീവവൃക്ഷത്തെ വിട്ട് ഹൗവ്വ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തെ സമീ

പിച്ചു. അങ്ങനെ മരണത്തിലേക്കു കൂപ്പുകുത്തി.

ഇന്നും നാം സ്വയബലത്തിൽ ഒരു തകർച്ച അറിഞ്ഞില്ലെങ്കിൽ ഫലത്തിൽ ജീവവൃക്ഷമായ യേശുവിനെ അവഗണിക്കും. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമലതയും ലാളിത്യവും വിട്ട് ശരി തെറ്റിന്റെ യുക്തിയുടെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടും. അങ്ങനെ ജീവന്റെ സമൃദ്ധിയിൽ നിന്ന് അന്യപ്പെട്ട് ചതിക്കപ്പെട്ടുപോകും.

സമൃദ്ധമായ ജീവൻ കയ്യാളാൻ പലർക്കുമുള്ള മറ്റൊരു തടസ്സം യേശുവിന്റെ ജീവനിൽ ഈ നിലയിലുള്ള പങ്കാളിത്തം സാധ്യമാണെന്നു വിശ്വസിക്കാത്തതാണ്. സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടെങ്കിലും പാപം ചെയ്യാതെ (എബ്രാ. 4:15) ജീവന്റെ സമൃദ്ധിയിൽ പ്രതികരിച്ചവനായ യേശുവിന്റെ സ്വഭാവത്തോട് അനുരൂപരാകാനാണു നമ്മെ വിളിച്ചിരിക്കുന്നതെന്നും കൃപയാൽ നമുക്കതു കഴിയുമെന്നും അവർ യഥാർത്ഥത്തിൽ വിശ്വസിക്കുന്നില്ല. അതുകൊണ്ടു തന്നെ യേശു ജീവിച്ചതുപോലെ ജീവിക്കാൻ വെറും മനുഷ്യരായ നമുക്കുകഴിയുമോ എന്നവർ ചോദിക്കുന്നു. ഗിരിപ്രഭാഷണം അവർക്കൊരു കീറാമുട്ടിയാണ്. സ്വയബലം തകരുകയാണോ സ്വയത്തിൽ ശക്തിപ്പെടുകയല്ലേ വേണ്ടത് എന്നാണവരുടെ സംശയം! ചുരുക്കത്തിൽ യേശുവിന്റെ ജീവന്റെ പങ്കാളിത്തം, യേശുവിന്റെ ജീവനാൽ നയിക്കപ്പെടുക എന്നതെല്ലാം ഒരു കടങ്കഥപോലെ അവർക്കു തോന്നുന്നു.

യേശുവിന്റെ ജീവനാൽ നയിക്കപ്പെട്ടതു പ്രായോഗിക തലത്തിലെങ്ങനെയാണ്? നമുക്കു ദൈനംദിന ജീവിതത്തിൽ പല തീരുമാനങ്ങളും എടുക്കേണ്ടിവരാറുണ്ട്. ഒരു കാര്യം ചെയ്യണോ ചെയ്യാതിരിക്കണോ, സംസാരിക്കണോ നിശ്ശബ്ദത പാലിക്കണോ എന്നിങ്ങനെ.... ഇവിടെ എങ്ങനെയാണു നാം വേണ്ടത് തിരിച്ചറിയുന്നത്? “അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയാലും....’ (1 യോഹ.2:17). ഉവ്വ്, നാം സ്വയംജീവന്റെ മേൽ ഒരു വാൾ പതിച്ചവരാണെങ്കിൽ, ദൈവജീവന്റെ സമൃദ്ധിയിലുള്ള പങ്കാളിത്തം സാധ്യമാണെന്നു വിശ്വസിക്കുന്നവരാണെങ്കിൽ, നമ്മിലുള്ള അഭിഷേകം വേണ്ടത് ഉപദേശിച്ചു തരും.

ഒരു കാര്യത്തിനായി ഒരുമ്പെടുമ്പോൾ നമ്മുടെ ഹൃദയത്തിൽ വർദ്ധിച്ചുവരുന്ന സമാധാനം ആ വഴിയിലാണു നീങ്ങേണ്ടതെന്നുള്ളതിന്റെ സൂചനയായിക്കാണാം. എന്നാൽ ഹൃദയത്തിൽ ഒരു ഞെരുക്കം, ഒരു സ്വാതന്ത്ര്യമില്ലായ്മയാണോ അനുഭവപ്പെടുന്നത്? എങ്കിൽ ആ നീക്കത്തോട് ദിവ്യജീവന്റെ വിയോജിപ്പ് വ്യക്തമാണ്. കൊലോസ്യർ 3:15 നോക്കുക: “ ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ.” ഇംഗ്ലീഷിൽ ഒരു വിവർത്തനത്തിൽ ഈ വാക്യം ‘സമാധാനം നിങ്ങളുടെ റഫറിയായിരിക്കട്ടെ’ (And let the peace of God be a referee) എന്നാണ്. കളി നടന്നുകൊണ്ടിരിക്കുമ്പോൾ റഫറി വിസിലൂതിയാൽ കളി അവിടെ നിർത്തണം. അതുപോലെ ഹൃദയത്തിലെ സമാധാനം ഭഞ്ജിക്കപ്പെട്ടാൽ ആ വഴിയിൽ മുന്നോട്ടുള്ള നീക്കം അവസാനിപ്പിക്കണം എന്നതിന്റെ സൂചനയായി അതിനെ കണക്കാ

ക്കാം. ശരി–തെറ്റിന്റെ പ്രമാണത്തിനപ്പുറത്ത് 'ജീവന്റെ ആത്മാവിന്റെ പ്രമാണ'ത്താൽ നയിക്കപ്പെടുന്ന ഒരു ജീവിതമാണത് (റോമർ 8:2).

നാം ഇതുവരെ ചിന്തിച്ച കാര്യങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം:

ജീവിതത്തിൽ പലപ്പോഴും ഒരു തീരുമാനമെടുക്കേണ്ട സമയത്തു നമ്മുടെ യുക്തിയിൽ ആശ്രയിക്കാതെ ദൈവത്തിന്റെ അടുക്കലേക്കു പോകുവാൻ കഴിയുന്നുണ്ടോ? സ്വന്ത യുക്തിയിൽ മാത്രം നാം ആശ്രയിക്കുമ്പോൾ (ശരി തെറ്റിന്റെ പ്രമാണത്താൽ നിയന്ത്രിക്കപ്പെടുമ്പോൾ) നാം അറിവിന്റെ വൃക്ഷത്തിലേക്കാണു പോകുന്നത്. മറിച്ച് ദൈവത്തിലേക്കു തന്നെ തിരിയുമ്പോൾ നാം ജീവവൃക്ഷത്തെ സമീപിക്കുന്നു. അവനവനിൽ ആശ്രയിക്കാതെ ദൈവത്തോടു ലളിതവും നിർമ്മലവുമായ ഒരാശ്രയം ഉണ്ടാകുമ്പോൾ നാം സ്വന്ത യുക്തിയിലൂന്നിയുള്ള അറിവിന്റെ വൃക്ഷത്തെ വിട്ട് സാക്ഷാൽ ജീവന്റെ ഉറവയായ കർത്താവിലേക്കു തിരിയുകയാണ്. ഈ മട്ടിൽ കർത്താവിനെ സ്വാഭാവികമായി ആശ്രയിക്കാൻ സ്വയത്തിന്റെ മേൽ ഒരു വാളുവീഴേണ്ടതുണ്ട്. അങ്ങനെ സ്വയബലം തകർന്നു നിരന്തരം ജീവവൃക്ഷത്തിലേക്കു തിരിയുന്നവൻ ജീവന്റെ പ്രമാണത്താൽ, ആത്മാവിനാൽ, നയിക്കപ്പെടുന്നവനാണ്. 'ജീവവൃക്ഷമായ കർത്താവിൽ നിന്നുതന്നെയുള്ള ഒരു മുളയാണവൻ...അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും; ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്. ആലോചനയുടേയും ബലത്തിന്റെയും ആത്മാവ്. പരിജ്ഞാനത്തിന്റെയും യഹോവാഭക്തിയുടേയും ആത്മാവുതന്നെ. അവന്റെ പ്രമോദം യഹോവ ഭക്തിയിൽ ആയിരിക്കും. അവൻ കണ്ണുകൊണ്ടു കാണുന്നതുപോലെ ന്യായപാലനം ചെയ്കയില്ല; ചെവി കൊണ്ടു കേൾക്കുന്നതുപോലെ വിധിക്കുകയുമില്ല' (യെശയ്യാവ് 11:1–3). യുക്തിയിലല്ല അവന്റെ ആശ്രയം. അതുകൊണ്ടുതന്നെ പലകാര്യങ്ങളും കാണുന്നുണ്ടെങ്കിലും അവൻ യഥാർത്ഥത്തിൽ കാണുന്നില്ല. കേൾക്കുന്നുണ്ടെങ്കിലും അവൻ വാസ്തവത്തിൽ കേൾക്കുന്നില്ല. അവനെക്കുറിച്ചു ദൈവത്തിന്റെ സാക്ഷ്യം ഇങ്ങനെ: "എന്റെ ദാസനല്ലാതെ കുരുടനാർ? ഞാൻ അയയ്ക്കുന്ന ദൂതനെപ്പോലെ ചെകിടനാർ? പലതും കണ്ടിട്ടും നീ സൂക്ഷിക്കുന്നില്ല. ചെവി തുറന്നിരുന്നിട്ടും അവൻ കേൾക്കുന്നില്ല.' (യെശയ്യാ 42:19). എങ്കിൽ, അവൻ യഥാർത്ഥ പാത എങ്ങനെയാണു തിരിച്ചറിയുന്നത്? ഉത്തരം: 'നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും' (യെശയ്യാവ് 30:21). വർദ്ധിച്ചു വരുന്ന സമാധാനവും സന്തോഷവും ഇതാണു ശരിയായ പാതയെന്ന ഉറപ്പും അവനു നൽകും.

ശരിതെറ്റുകൾക്ക് അപ്പുറത്തുള്ള ഒരു ജീവിതമാണിത്. ദൈവജീവനു തൃപ്തി വരട്ടെ. ആന്തരിക ജീവന്റെ നിലവാരത്തിനൊപ്പം ഉയരുക. ദൈവികതൃപ്തിക്കു താഴെ നിന്നു പോകാതിരിക്കുക. യേശുവിന്റെ ജീവന്റെ ഈ സമൃദ്ധിയോടു ചേർന്നു നിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നമ്മിൽ 'നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്നു ഉറപ്പായി വിശ്വസിച്ചിരിക്കുന്നു' എന്ന പൗലൊസിന്റെ വാക്കുകൾ നമ്മെയും പ്രചോദിപ്പിക്കട്ടെ (ഫിലി.1:4).

❖

Thought for the month

# HE CARES FOR YOU

## Santosh Poonen

"... **casting** all your anxiety upon Him, because He cares for you." (I Peter 5:7)

This verse is probably very familiar to us. RecentlyI have been meditating on the word "casting." I thought of it in the context of casting a net for fishing.Then,I remembered the story in John 21 of the seven disciples who spent all night fishing. At dawn, Jesus came to the shore. He knew that they hadn't caught any fish,so He told them to cast their nets on the right-hand side of the boat, and they would catch fish. They obeyed, and caught a large load of fish. These disciples, who were expert fishermen, would obviously have spent the night casting their nets on all sides of the boat. What was different about why they were able to catch fish when Jesus told them to cast their nets on the right-hand side? The difference was that earlier they were following their own ideas, but now they were obeying Jesus. Whenever we do anything out of obedience to Jesus, we are sure to succeed!

Now think about what it means to cast all our anxiety upon God. Most anxiety comes from some type of disappointment. At some point in our lives, all of us have carried around our empty "nets" of anxiety with unfulfilled hope. This is also what Peter was feeling when he told his fellow disciples, "I am going fishing" (John 21:3). He felt like a failure because he had run away when Jesus was arrested. Jesus cared for Peter, however, and that's why He came looking for Him.

When we allow anxieties to weigh heavily on our minds, the result is bad moods, unbelief, discouragement, and depression. Our worries will even keep us up all night, just like the disciples stayed up all night in the boat. Often, we will look for others around us on whom to cast our anxieties, hoping to get some sympathy from them. When people fail to meet our expectations, we will look for relief in sinful pleasures, and these sinful pleasures soon become addictions. This is a dangerous slippery slope.

Then, through the dim light pf dawn, Jesus quietly calls to each of us, "Cast all your anxiety upon Me, because I care for you." If weobey His call, the result will be exactly asit was for the disciples. First, God will do a miracle in setting us free from our anxiety. Then, just like the disciples had breakfast with Jesus (John 21:12), we can have sweet fellowship with Him!

When you face a fiery trial and choose to cast your anxiety on Jesus, He will give you in exchange, the fruit of His Spirit (Galatians 5:22-23). That means: You will have Hislove, even for your enemies who may have caused your anxiety. Your life will be full of joyeven in the midst of your trial. You will have such peacein your heart (Philippians 4:7) that you will be able to sleep calmly at night. Instead of being anxious, you will wait patiently for God to resolve your situation. You will be kind and good to those around you despite your inner pain. Your life will be full of faith in God's sovereignty. You will be gentlewith those around you. And, instead of chaos, your life will befull ofself-control.

Such a life is not difficult; it's actually impossible! God has planned it this way, so that we quit trying to live this life on our own, and seek earnestly to be filled with His Holy Spirit. The disciples were so desperate and humbled by the time morning came, that they didn't argue with Jesus. They simply obeyed. Let us also be humble enough to cast our care on Him (I Peter 5:6-7): "Humble yourselves under the mighty hand of God... casting all your anxiety on Him." If you do obey His call, you will experience His unwavering promise that "He will exalt you at the proper time."

Today, I hope that you will cast your empty net of anxietyon God, in exchange for fullness of His Spirit.

JEEVA MOZHIKAL RNI/KERBIL/-2003/21404
November 2017 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-10-2017

# ആരും അത്ര നിസ്സാരരല്ല

സർ മൈക്കിൾ ആൻഡ്രൂ കോസ്റ്റാ പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു മികച്ച ഇറ്റാലിയൻ സംഗീതജ്ഞൻ ആയിരുന്നു. സംഗീതക്കച്ചേരികളിൽ അദ്ദേഹം നിലനിർത്തിയിരുന്ന ചിട്ടയും കൃത്യതയും യോജിപ്പും വളരെ അസാധാരണമായതായിരുന്നു. അദ്ദേഹത്തിന്റെ ഈ പാടവം ഇംഗ്ലണ്ടിൽ അദ്ദേഹത്തിന് വലിയ ഖ്യാതി നേടികൊടുത്തു. പല പ്രസിദ്ധരായ സംഗീതജ്ഞരുടേയും അംഗീകാരം അദ്ദേഹത്തിന് ലഭിച്ചു.

ഒരിക്കൽ അദ്ദേഹം ഒരു വലിയ സംഗീതക്കച്ചേരിയുടെ പരിശീലനം നടത്തുകയായിരുന്നു. കച്ചേരിയിൽ പിക്കൊലോ എന്നറിയപ്പെടുന്ന ഒരു ചെറിയ തരം ഓടക്കുഴലും ഉണ്ടായിരുന്നു. പരിശീലനത്തിനിടയിൽ പിക്കൊലോ വായിച്ചിരുന്ന ആൾ ഒരു നിമിഷത്തേക്ക് തന്റെ വിരലുകൾ ചലിപ്പിക്കുന്നത് നിർത്തി. കച്ചേരിയിൽ പിക്കൊലോയുടെ പങ്ക് വളരെ തുച്ഛമായതിനാൽ ഒരു നിമിഷം പിക്കൊലോ നിലച്ചാലും അത് തിരിച്ചറിയുകയില്ലെന്ന് ആ മനുഷ്യൻ കരുതി. എന്നാൽ സംഗീതക്കാർക്ക് നിർദ്ദേശം കൊടുത്തുകൊണ്ടിരുന്ന മൈക്കിൾ പെട്ടെന്നു കൈകളുയർത്തി പറഞ്ഞു. "നിർത്തൂ പിക്കാലോ എവിടെ?" പിക്കൊലോയുടെ സ്വരം ഒരു നിമിഷത്തേക്ക് നിലച്ചത് ആ സംഗീതജ്ഞൻ തിരിച്ചറിഞ്ഞു!

കോടിക്കണക്കിനാളുകൾ ജീവിക്കുന്ന ഈ ഭൂമുഖത്ത് നമ്മുടെ ജീവിതം വളരെ നിസ്സാരമാണെന്ന് ഒരു പക്ഷേ നമ്മൾ ചിന്തിച്ചേക്കാം. എന്നാൽ നമ്മുടെ സ്രഷ്ടാവായ ദൈവത്തിന് ദൈവരാജ്യത്തിന്റെ സംഗീതം പൂർത്തിയാക്കാൻ നമ്മുടെ പങ്കും നിർണ്ണായകമായതാണ് എന്നു നമ്മൾ തിരിച്ചറിയുന്നുണ്ടോ? നമ്മുടെ ജീവിതം കൊണ്ട് ഒരു പ്രയോജനവുമില്ല എന്നു ചിന്തിച്ചു നാം നിഷ്ക്രിയരായാൽ ദൈവരാജ്യത്തിന്റെ ശ്രുതിമധുരമായ സംഗീതത്തിൽ ഒരു സ്വരത്തിന്റെ കുറവ് വരുത്തുന്നവരായി നമ്മൾ മാറും!

"........ തന്റെ ആടുകളെ അവൻ പേർചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു" (യോഹന്നാൻ 10:3).

മാത്രമോ? നാം നമ്മുടെ അമ്മയുടെ ഉദരത്തിൽ ഇരിക്കുമ്പോൾ തന്നെ അവിടുത്തേക്കു നമ്മുടെ പേര് അറിയാം: "യഹോവ എന്നെ ഗർഭം മുതൽ വിളിച്ചു. എന്റെ അമ്മയുടെ ഉദരത്തിൽ ഇരിക്കയിൽ തന്നെ എന്റെ പേർ പ്രസ്താവിച്ചിരിക്കുന്നു" (യെശയ്യാവ് 49:1).

തുടർന്നു ശ്രദ്ധിക്കുക: "എന്നെ ഗർഭത്തിൽ തന്റെ ദാസനായി നിർമ്മിച്ചിട്ടുള്ള യഹോവയ്ക്കു ഞാൻ മാന്യനും എന്റെ ദൈവം എന്റെ ബലവും ആകുന്നു" (49:5).

അതുകൊണ്ട്: "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളങ്കയ്യിൽ വരച്ചിരിക്കുന്നു" (49:15)

ഉവ്വ്, ആരും അത്ര നിസ്സാരരല്ല.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.